18 ജൂൺ 2019

# കളരി

42 VOL. No : 1

കേരള സർവകലാശാല കമ്മ്യൂണിക്കേഷൻ & ജേർണലിസം വകുപ്പിന്റെ പരിശീലന പ്രസിദ്ധീകരണം

# പ്രവർത്തന മികവുമായി നാഷണൽ സർവീസ് സ്കീം

അഖില ജി മോഹൻ

ക്രിയാത്മകമായ സാമൂഹിക ഇടപെലുകൾനടത്തിയുംമാതൃകയാവും വിധമുള്ള പരിപാടികൾ സംഘടിപ്പിച്ചും ക്യാമ്പസിൽ ശ്രദ്ധേയമാവുകയാണ് എൻഎസ് എസ്.

കാര്യവട്ടം ക്യാമ്പസിൽ 2017 മുതൽ പ്രവർത്തനമാരംഭിച്ച നാഷണൽ സർവീസ് സ്കീമിൽ, നിലവിൽ രണ്ട് യൂണിറ്റുകളിലായി ഇരുനൂറോളം വോളന്റിയർമാർ പ്രവർത്തിക്കുന്നുണ്ട്. അദ്ധ്യാപകരായ മലയാളം വിഭാഗത്തിലെ സീമ ജെറോം, സോഷ്യോളജി വിഭാഗത്തിലെ ജയകുമാർ എന്നിവരാണ് പ്രോഗ്രാം ഓഫീസർമാർ. ചിട്ടയായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിലൂടെ, വിദ്യാർത്ഥികളിൽ സേവന മനോഭാവം സൃഷ്ടിക്കാൻ എൻ എസ് എസ് നു സാധിക്കുന്നുണ്ട്.

കാര്യവട്ടം ക്യാമ്പസിലെ ലൈബ്രറി സയൻസ് വിദ്യാർത്ഥിനിയായ ശ്രീജയുടെ മജ്ജ മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് എൻഎസ്എസിന്റെ നേതൃത്വത്തിൽ 2,14,000 ത്തോളം രൂപ അദ്ധ്യാപകരും വിദ്യാർത്ഥികളും സമാഹരിച്ചു നൽകുകയുണ്ടായി. ചികിത്സാ സഹായത്തിനായി കേരള യൂണിവേഴ്സിറ്റി കലോത്സവം നടന്ന സമയം ക്യാമ്പസിൽ തന്നെ എൻഎസ്എസ് വോളന്റിയർമാർ രണ്ട് സ്റ്റാളുകൾ ഇടുകയും അതിൽ നിന്ന് ലഭിച്ച ലാഭതുക സഹായനിധിയിലേയ്ക്ക് നൽകുകയും ചെയ്തു.

കേരള യൂണിവേഴ്സിറ്റി കലോത്സവം നടക്കുന്നതിന് മുന്നോടിയായി , 'ഹരിത ക്യാമ്പസ് ' എന്ന ലക്ഷ്യത്തോടുകൂടി എൻഎസ്എസിന്റെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടക്കുകയുണ്ടായി. ഇതിനുപുറമേ, ക്യാമ്പസിലെ വിവിധ ഇടങ്ങൾ പ്ലാസ്റ്റിക് വിമുക്തമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ചവറുകുട്ടകൾ സ്ഥാപിക്കുകയും ഇത് ലംഘിക്കുന്നവർക്കെതിരെ പിഴ ഈടാക്കുകയും ചെയ്തു. ഇതിലൂടെ ശുചിത്വം ഉറപ്പ് വരുത്താനും ഒരു പരിധി വരെ ക്യാമ്പസിനെ പ്ലാസ്റ്റിക് വിമുക്തമാക്കാനും സാധിച്ചിട്ടുണ്ട്. ക്യാമ്പസിൽ നടന്ന കേരള യൂണിവേഴ്സിറ്റി കലോത്സവം പൂർണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചാണ് നടന്നത്.



*കാര്യവട്ടം ക്യാമ്പസിലെ എൻ എസ് എസ് വോളന്റിയർമാർ*

### രക്തദാനം ജീവദാനം

രക്തദാനത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നാഷണൽ സർവീസ് സ്കീം ക്യാമ്പസിലെ വിദ്യാർത്ഥികൾക്കിടയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. 'ജന്മദിനത്തിൽ രക്തം ദാനം ചെയ്യുക' എന്ന ആശയത്തിന് വിദ്യാർത്ഥികൾക്കിടയിൽ വലിയ സ്വീകാര്യതയാണ് ലഭിക്കുന്നത്. നിരവധി വിദ്യാർത്ഥികൾ രക്തം ദാനം ചെയ്യുന്നതിനായി മുന്നോട്ട് വന്നിട്ടുണ്ട്.

### സംരക്ഷിക്കാം.. പക്ഷികളെയും..

വേനൽക്കാലത്ത് പക്ഷികളെ സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ക്യാമ്പസിന്റെ പരിസരങ്ങളിൽ എൻഎസ്എസ് വോളന്റിയർമാർ ജലം നിറച്ച പാത്രങ്ങൾ വെക്കുകയുണ്ടായി. ഇത് മറ്റുള്ള വിദ്യാർത്ഥികളിലും പ്രചോദനമുണ്ടാക്കി. ഗഹനമായ ചൂടിൽ ജലത്തിന് വേണ്ടി അലഞ്ഞ പക്ഷികൾക്ക് ഇത് വലിയ ആശ്വാസമാണ് നൽകിയത്. പ്രളയകാലത്ത് പത്തനംതിട്ടയിലും ചെങ്ങന്നൂരിലും ഉൾപ്പെടെയുള്ള ദുരിതാശ്വാസ ക്യാംപുകളിൽ സഹായമെത്തിക്കാൻ എൻഎസ്എസ് വോളന്റിയർമാർക്ക് കഴിഞ്ഞു. സായ്ഗ്രാമത്തോടനുബന്ധിച്ച് നടത്തുന്ന വൃദ്ധസദനവും അനാഥാലയവും ക്യാമ്പസിലെ എൻഎസ്എസ് വോളന്റിയർമാർ സന്ദർശിക്കുകയും അവരോടൊപ്പം ഒരു ദിവസം ചിലവഴിക്കുകയും ചെയ്തു.

### ഹ്രസ്വ ചലച്ചിത്രം - 'പ്രകൃതിയും സംരക്ഷണവും'

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 'പ്രകൃതിയും സംരക്ഷണവും' എന്ന വിഷയത്തിൽ നടത്തിയ ഹ്രസ്വ ചലച്ചിത്ര മത്സരത്തിന് വലിയ പിന്തുണയാണ് വിദ്യാർത്ഥികളിൽ നിന്ന് ലഭിച്ചത്. നിരവധി ഹ്രസ്വ ചിത്രങ്ങൾ മത്സരത്തിനെത്തി. ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയവർക്ക് സമ്മാനങ്ങൾ നൽകി. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി ആയുർവേദ ചെടികൾ ഉൾപ്പെടെ 1500 ഓളം വൃക്ഷത്തൈകളാണ് ക്യാമ്പസിന്റെ വിവിധ ഇടങ്ങളിൽ എൻഎസ്എസിന്റെ നേതൃത്വത്തിൽ നട്ടത്. കൂടാതെ കാര്യവട്ടം പ്രദേശത്തെ സ്കൂളുകളിൽ പലയിനം വൃക്ഷത്തൈകൾ നൽകുകയും ചെയ്തു. കാര്യവട്ടം യുപി സ്കൂളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും പൂന്തോട്ടം നിർമ്മിക്കുകയും ചെയ്തു. പാങ്ങപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രം വൃത്തിയാക്കുന്നതിനും അനുബന്ധിച്ച ശുചീകരണ പ്രവർത്തനങ്ങൾക്കും എൻഎസ്എസ് വോളന്റിയർമാർ പങ്കാളികളായി.

### 'വേനൽമരം'

മാർച്ച് 20 മുതൽ 26 വരെ സംഘടിപ്പിച്ച 'വേനൽമരം' എന്ന സപ്തദിന ക്യാംപിൽ കാര്യവട്ടം ക്യാമ്പസിലെ എൻഎസ്എസ് വോളന്റിയർമാർ പങ്കെടുത്തു. ഈ ക്യാംപിന് മികച്ച ക്യാംപ് അവാർഡ് ലഭിച്ചു. നാഷണൽ ഇന്റഗ്രേഷൻ ക്യാംപുകളുടെ ഭാഗമായ പല ക്യാംപുകളിലും ക്യാമ്പസിലെ വോളന്റിയർമാർ പങ്കെടുത്തിട്ടുണ്ട്.

# അഷിത

## എഴുത്തിന്റെ മാന്ത്രികസ്പർശം



ആൻ എ എൽ

അഷിതയുടെ അപ്രതീക്ഷിതമായ വേർപെടൽ മലയാളസാഹിത്യത്തിന് തീരാനഷ്ടമാണ്. സ്ത്രീ ജീവിതത്തിന്റെ അരക്ഷിതാവസ്ഥകളും ഗതികേടുകളുമാണ് അഷിതയുടെ കഥകളിലെ മുഖ്യ പ്രമേയം.

തൃശ്ശൂരിലെ പഴയന്നൂരിൽ ഏപ്രിൽ 5, 1956 ന് ജനിച്ച അഷിത ഡൽഹി, ബോംബെ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം.

പൂർത്തിയാക്കി. എറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നേടി. പറയാം നമുക്ക് കഥകൾ, മയിൽപീലിസ്പർശം, താവോ ഗുരുവിന്റെ വഴി, അഷിതയുടെ നോവലെറ്റുകൾ, അപൂർണ്ണവിരാമങ്ങൾ, കല്ലുവെച്ചനുണകൾ, അഷിതയുടെ ഹൈക്കു കവിതകൾ, ഒരു സ്ത്രീയും പറയാത്തത്, സ്നേഹം തന്നെ സ്നേഹത്താൽ എഴുതിയത് എന്നിവയാണ് പ്രധാന കൃതികൾ. കേരള സാഹിത്യ അക്കാദമി അവാർഡ്, ഇടശ്ശേരി അവാർഡ്, അങ്കണം അവാർഡ്, ലളിതാംബിക അന്തർജ്ജനം സ്മാരക സമിതിയുടെ യുവ സാഹിത്യകാരിക്കുള്ള

പുരസ്കാരങ്ങൾ നേടി. കേരള സർവകലാശാല കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വിഭാഗം അധ്യാപകൻ കെ വി രാമൻകുട്ടിയുടെ ഭാര്യയാണ് അഷിത. മകൾ ഉമ പ്രസീദ.

എഴുത്തിനോട് അസാധാരണമായ ഭ്രമമുള്ള പെൺകുട്ടിയെ യാഥാസ്ഥിതിക സമൂഹം എങ്ങനെയൊക്കെയാണ് ശിഥിലമാക്കാൻ ശ്രമിച്ചത് എന്നതിന് ഉത്തമ ഉദാഹരണമാണ് ശിഹാബുദീൻ പൊയ്ത്തുംകടവിനോട് അഷിത പങ്കുവയ്ക്കുന്ന ജീവിതാനുഭവങ്ങൾ. ക്രൂരമായ പീഡനങ്ങൾക്കൊടുവിലും തളരാതെ നിന്ന അഷിതയെ കാൻസർ രോഗം കവർന്നെടുത്തു. ഒരു യുദ്ധപോരാളിയുടെ വീര്യത്തോടെ അവസാന നിമിഷവും അവർ അർബുദത്തോട് പടവെട്ടി. പക്ഷേ വിധിയുടെ മുന്നിൽ അഷിതയ്ക്ക് തോൽക്കേണ്ടി വന്നു. എഴുത്തുകളുടെ മായാത്ത ഓർമ്മകൾ ബാക്കിയാക്കി നമ്മെ വിട്ടകന്നു.

ഏകാന്തത അഷിതയെ വേട്ടയാടിയിരുന്നു. ഗതി മാറി ഒഴുകിയ എഴുത്തിലും ആ ഏകാന്തതയുടെ ദുരനുഭവങ്ങൾ നമ്മെ വേട്ടയാടിക്കൊണ്ടിരിക്കുന്നു. ഒറ്റപ്പെടലിന്റെയും അവഗണനകളുടെയും ബാല്യകാലം തനിക്കുണ്ടായിരുന്നു എന്ന അവരുടെ തുറന്നുപറച്ചിൽ വായനാലോകത്ത് ഏറെ ചർച്ചകൾക്ക് വഴി വെക്കുകയുണ്ടായി. 'എഴുതിയാൽ ഭ്രാന്ത് വരുമെന്ന് പറഞ്ഞ് മുറിയിൽ പൂട്ടിയിട്ടു. ഞാൻ ആ മുറിയിൽ നഖംകൊണ്ട് കവിത കോറിയിട്ടു.'

അഷിതയുടെ ഈ വാക്കുകളിൽ തെളിയുന്നത് എഴുത്തിനോടുള്ള ഭ്രമാത്മക മനോഭാവമാണ്. തന്നെ പകർത്തി വയ്ക്കാനുള്ള ആയുധമായി അവർ എഴുത്തിനെ കണ്ടു. എഴുതപ്പെട്ട ഓരോ കഥകളിലും അനുഭവിക്കാൻ കഴിയാതെ പോയ ആഗ്രഹങ്ങളെ അവർ പകർത്തി വച്ചു. എഴുത്തിനെ ഒരിക്കലും ജീവിതത്തിൽ നിന്ന് അവർ വേർതിരിച്ചു നിർത്തിയിരുന്നില്ല എന്നതാണ് മറ്റൊരു യാഥാർത്ഥ്യം.

അഷിതയുടെ കഥകൾക്ക് മാന്ത്രിക സ്വഭാവമുണ്ട്. ജീവിതത്തിന്റെ അകത്തട്ടിൽ കുടികൊള്ളുന്ന പൊള്ളത്തരത്തിലേക്കാണ് അവരുടെ ഭാവന സഞ്ചരിക്കുന്നത്. മനുഷ്യന്റെ ആത്മ ശൂന്യതയിലേക്ക് വിരൽചൂണ്ടുന്ന ദർശനങ്ങളാണ് അവരുടെ കൃതികൾ. ജീവിതത്തിൽ മൗനം അവലംബിക്കാൻ അഷിതയെ പ്രേരിപ്പിച്ചത് ഒരുതരം ഭൗതീക ആത്മീയതയാണ്. അഷിതയുടെ എഴുത്തുകൾ കാലങ്ങൾ അതിജീവിക്കും..

കളരി
18 ജൂൺ 2019

# എരിഞ്ഞുതീരുന്ന പെണ്ണുടലുകൾ

ഇന്ത്യൻ ഭരണഘടനയുടെ അടിസ്ഥാനം സ്വാതന്ത്ര്യം സമത്വം സാഹോദര്യം എന്നീ തത്ത്വങ്ങൾ ഉൾക്കൊണ്ട സാർവദേശീയ മനുഷ്യാവകാശ സങ്കൽപ്പമാണ്. മനുഷ്യാവകാശങ്ങളിൽ ഏറെ പ്രധാനപ്പെട്ടത് സ്വാതന്ത്ര്യത്തിനുള്ള അവകാശം തന്നെയാണ്. എന്നാൽ പല അവസരങ്ങളിലും ഈ സ്വാതന്ത്ര്യം ദുരുപയോഗിക്കപ്പെടുകയാണ്.

സംസ്കാരത്തിന്റെ ഈറ്റില്ലമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇന്ത്യയിൽ സ്ത്രീകൾക്കെതിരെ നടക്കുന്ന അക്രമങ്ങൾക്ക് യാതൊരു കുറവും കാണുന്നില്ല. കേരളത്തിന്റേതും സമാനമായ അവസ്ഥ തന്നെയാണ്. ദൈവത്തിന്റെ സ്വന്തം നാടായ കേരളം പകയുടെയും വിദ്വേഷത്തിന്റെയും തീയിൽ കത്തിയെരിയുന്ന സ്ത്രീകളുടെ നാടായി മാറിക്കൊണ്ടിരിക്കുകയാണ്. ആസിഡ് ഒഴിക്കുക, പെട്രോളൊഴിച്ച് സ്ത്രീകളെ പച്ചയ്ക്ക് കത്തിക്കുക, തുടങ്ങിയ നിഷ്ഠൂര കൃത്യങ്ങൾ നമുക്ക് ചുറ്റുപാടും സംഭവിച്ചുകൊണ്ടിരിക്കുന്നു.

വള്ളികുന്നം കൊലപാതകം ഇത്തരത്തിലുള്ള ഒന്നാണ്. കായംകുളത്തിനടുത്ത് വള്ളികുന്നം പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസറായ സൗമ്യ പുഷ്പാകരനെ, ആലുവ ട്രാഫിക് സി.പി.ഒ ആയ എൻ.എ അജാസ് കൊലപ്പെടുത്തിയത് സൗഹൃദം നിരസിക്കുന്നു എന്ന സംശയത്തെത്തുടർന്നാണ്. കാറിടിച്ച് വീഴ്ത്തിയ ശേഷം വെട്ടിയും കുത്തിയും പച്ചയ്ക്ക് തീകൊളുത്തിയുമാണ് കൊലപ്പെടുത്തിയത്. നാലു മാസത്തിനിടെ മൂന്ന് കൊലപാതകങ്ങൾ ഇത്തരത്തിൽ കേരളത്തിൽ സംഭവിച്ചു. സമാനമായി വെട്ടിയും കുത്തിയും വീഴ്ത്തിയ ശേഷം പെട്രോളൊഴിച്ച് കത്തിച്ച് കൊലപ്പെടുത്തിയ സംഭവങ്ങൾ നാല്മാസങ്ങൾക്കിടയിൽ രണ്ട് തവണ കേരളത്തിൽ നടന്നു.

മാർച്ച് 13നു തിരുവല്ലയിലെ കോളേജ് വിദ്യാർത്ഥിനിയും ഏപ്രിൽ 4നു തൃശൂരിലെ എൻജിനീയറിങ് വിദ്യാർത്ഥിനിയും ഇതേ രീതിയിലാണ് കൊല്ലപ്പെട്ടത്. തിരുവനന്തപുരത്ത് നേഴ്സിനെ ആംബുലൻസ് ഡ്രൈവർ വെട്ടിക്കൊല്ലാൻ ശ്രമിച്ചതും കോട്ടയം മീനടത്തു യുവതിയെ വീട്ടിൽ കയറി കൊല്ലാൻ ശ്രമിച്ചതും കൊച്ചിയിൽ യുവതിയെ നടുറോഡിൽ പെട്രോളൊഴിച്ചു കത്തിക്കാൻ ശ്രമിച്ചതും ഈ കഴിഞ്ഞ നാല് മാസത്തിനിടെ ആണ്.

മനോനില തകർന്നവർക്ക് മാത്രമേ ഇത്രയും ക്രൂരമായി പെരുമാറാൻ സാധിക്കുകയുള്ളൂ. സ്ത്രീകൾക്ക് സ്വന്തം തീരുമാനങ്ങൾ എടുക്കാനുള്ള കഴിവും അവകാശവുമുണ്ട്. പിഞ്ചുബാലികമാരായ ആസിഫയുടെയും ട്വിങ്കിളിന്റെയുമൊക്കെ ബലാത്സംഘവും കൊലപാതകവുമൊക്കെ സൃഷ്ടിച്ച ആഘാതത്തിൽ നിന്നും കരകയറാൻ നമുക്ക് സാധിച്ചിട്ടില്ല. സ്ത്രീക്ക് സ്വതന്ത്രമായി ജീവിക്കാനുള്ള സാഹചര്യം ഒരുക്കി കൊടുക്കേണ്ടത് സമൂഹത്തിന്റെ ആവശ്യകതയാണ്.

ഇനിയും 'സൗമ്യ'മാർ ഉണ്ടാകാൻ പാടില്ല. മനോവൈകല്യങ്ങൾ സ്വയം മാറ്റാൻ ഓരോ മനുഷ്യനും ശ്രമിക്കണം. സമൂഹത്തിന്റെ പിന്തുണ അത്തരത്തിലുള്ളവർക്ക് ആവശ്യമുണ്ട്. കൂടുതൽ ജാഗ്രതയോടെയിരിക്കാൻ ഭരണകൂടം കണ്ണ് തുറക്കേണ്ടതുണ്ട്. പോലീസും സർക്കാരും ഒറ്റക്കെട്ടായി നിന്ന് ഇത്തരം ദുരനുഭവങ്ങൾ ചെറുക്കേണ്ടതുണ്ട്. ഇന്ന് സംഭവിച്ചത് നാളെ ഒരു സ്ത്രീക്കും സംഭവിക്കാൻ പാടില്ല. സ്ത്രീക്ക് തന്റെ സ്വന്തം ആശയങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്താൻ ഉള്ള അവകാശം ഇന്ത്യൻ ഭരണഘടന നൽകുന്നുണ്ട്. പ്രണയം നിരസിച്ചതിന്റെ പേരിൽ ആസിഡ് ഒഴിച്ച് സ്ത്രീയെ പൊള്ളിക്കുന്നു, പെട്രോൾ ഒഴിച്ച് പച്ചക്ക് കത്തിക്കുന്നു തുടങ്ങിയ നീച കൃത്യങ്ങൾക്ക് എന്നാണ് ഇനി ഒരു അറുതി വരുക ?

അഭിപ്രായ സ്വാതന്ത്ര്യത്തിനും സ്ത്രീമുന്നേറ്റ മുന്നേറ്റത്തിനും പ്രാധാന്യം കൊടുക്കുന്ന ഈ കാലഘട്ടത്തിൽ ഇത്തരത്തിലുള്ള പൈശാചിക കൊലപാതകങ്ങൾ സ്ത്രീ സ്വാതന്ത്ര്യത്തിന് നേരെയുള്ള ആഗ്നേയ അസ്ത്രങ്ങളാണ്. തീയിൽ എരിഞ്ഞു തീരാൻ വിധിക്കപ്പെടേണ്ടവരല്ല സ്ത്രീകൾ. സമൂഹത്തിന് വേണ്ടി പ്രവർത്തിക്കാൻ അവരും പ്രാപ്തരാണ്. സ്ത്രീ ആശയങ്ങൾ ഉയരട്ടെ!

# ഉണർവേകാൻ യോഗ

അമൽ ദേവ് വി എസ്



*നെയ്യാറിലെ ശിവാനന്ദ ആശ്രമത്തിലെ യോഗ പരിശീലനം*

നെയ്യാറിന്റെ തീരത്തെ തണലും തണുപ്പും.. ശുദ്ധമായ വായു.. ത്രസിപ്പിക്കുന്ന ശാന്തത.. ചിട്ടയായ ജീവിതം.. ഇതാണ് ശിവാനന്ദ യോഗ ആശ്രമം. 1978–ലാണ് സ്വാമി വിഷ്ണു ദേവാനന്ദ,''ശിവാനന്ദ യോഗ വേദാന്ത ധന്വന്തരി ആശ്രമം'' സ്ഥാപിക്കുന്നത്. ഇന്ത്യയിലെ യോഗ ആശ്രമങ്ങളിൽ പ്രധാനമാണ് കേരളത്തിലുള്ള ഈ ആശ്രമം. നെയ്യാറിന്റെ കരയിൽ 15 ഏക്കറിൽ പരന്നുകിടക്കുന്ന ആശ്രമം പ്രകൃതിയുടെ ഭംഗിക്കൊപ്പം സമാധാന അന്തരീക്ഷവും നൽകുന്നതാണ്. ചിട്ടയായ നിർദ്ദേശങ്ങൾ അനുസരിച്ചാണ് ആശ്രമം പ്രവർത്തിക്കുന്നത്.

വർഷംതോറും നിരവധി വിദേശികൾ ഉൾപ്പെടെയുള്ളവർ ഇവിടം ശരീരവും മനസും സുസ്ഥിരമാക്കാൻ വരുന്നുണ്ട്. രാവിലെ 5.20 മുതലാണ് യോഗ ക്ലാസുകൾ ആരംഭിക്കുന്നത്. തികച്ചും ജൈവഭക്ഷണമാണ് ആശ്രമത്തിൽ ലഭിക്കുന്നത്. ഭക്ഷണത്തിനു ആവശ്യമായ എല്ലാ പച്ചക്കറികളും ആശ്രമത്തിൽ തന്നെ ഒരുക്കുന്നുണ്ട്. യോഗ ക്ലാസുകൾ വർഷംതോറും, യോഗ അധ്യാപന കോഴ്സുകൾ 6 മാസത്തിലും നിർദിഷ്ട ദിവസങ്ങളിൽ ഉണ്ടാവുന്നതാണ്. ജാതി, മതം എന്നിവ മാറ്റിനിർത്തി യോഗയുടെ ആത്മീയ വശങ്ങളും സ്നേഹവും ലോകമെമ്പാടും എത്തിക്കുന്നതിലുമാണ് യോഗ ആശ്രമം ലക്ഷ്യമിടുന്നത്. കാനഡ, ചൈന, അമേരിക്ക, ഇസ്രായേൽ, ഇന്ത്യ ഉൾപ്പെടെ 11–ലധികം രാജ്യങ്ങളിൽ ശിവാനന്ദ ആശ്രമം പ്രവർത്തിക്കുന്നുണ്ട്.

യോഗ ദിനത്തോട് അനുബന്ധിച് നെയ്യാർ ആശ്രമത്തിലെ അന്തേവാസികളും അധ്യാപകരും തിരുവനന്തപുരം പടിഞ്ഞാറേ കോട്ടയിലുള്ള ശിവാനന്ദ ആശ്രമം സെന്ററിലേക്ക് പ്രത്യേക യോഗ പരിപാടികളിൽ പങ്കാളികളാകുവാൻ ഒത്തുചേരാറുണ്ട്.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നിർദ്ദേശപ്രകാരമാണ് ഐക്യരാഷ്ട്രസഭ ജൂൺ 21 യോഗ ദിനമായി പ്രഖ്യാപിച്ചത്. രാജ്യങ്ങൾ തമ്മിലുള്ള ബന്ധം കൂട്ടിയുറപ്പിക്കാനും, സമാധാനം വളർത്താനും ലോകാരോഗ്യം നിലനിർത്താനുമാണ് അന്താരാഷ്ട്ര യോഗ ദിനം ആചരിക്കുന്നത്. 2015–ലാണ് ആദ്യമായി യോഗ ദിനാചരണം നടന്നത്. ഈ വർഷത്തെ യോഗദിന വിഷയം ''കാലാവസ്ഥ പ്രവർത്തനത്തെ യോഗ എങ്ങനെ ബാധിക്കുന്നു'' എന്നതാണ്. യോഗയിലൂടെ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം ദൃഢമാകുന്നു. യോഗ ചെയ്യുന്നതിലൂടെ മനുഷ്യന്റെ അസ്തിത്വം ഭൂമിയിൽ നീണ്ടുനിൽക്കുന്നു...

**ജൂൺ 21ന് അഞ്ചാമത് യോഗ ദിനം ആചരിക്കാൻ ഒരുങ്ങുകയാണ് ലോകം. ഭാരതീയ സംസ്കാരത്തിന്റെ മുഖമുദ്രയാണ് യോഗ. ശരീരം കൊണ്ടുള്ള അഭ്യാസം എന്നതിലുപരി മനസ്സിനും, ശരീരത്തിനും ഏറെ ഗുണങ്ങൾ നൽകുന്ന ഒന്നാണിത്. 5000–ത്തിലേറെ വർഷം പഴക്കമുള്ള ഈ രീതി നമ്മുടെ വേദങ്ങളിൽ പരാമർശിച്ചിട്ടുള്ളവയാണ്. നിരവധിയായ ആസനങ്ങൾ യോഗയുടെ ഭാഗമാണ്.**

**ആരോഗ്യ സംരക്ഷണത്തിനായി പലവിധത്തിലുള്ള സ്രോതസ്സുകളെ ആശ്രയിക്കുന്നവരാണ് നമ്മൾ. എന്നാൽ ചിട്ടയില്ലാത്ത രീതിയും അറിവില്ലായ്മയും പലപ്പോഴും ദോഷമായി ഭവിക്കാൻ ഇടയാക്കുന്നുണ്ട്. പുതിയ തലമുറ ആരോഗ്യം നിലനിർത്താനായി കണ്ടുപിടിച്ച ഉപാധിയാണ് അടച്ച മുറികളിൽ അനവധി ഉപകാരണങ്ങളുള്ള 'ജിം' പോലെയുള്ള ഇടങ്ങൾ. ആധുനികീകരണത്തിന്റെ ഫലമായി ഇതിനെയൊക്കെ കാണാവുന്നതാണ്.**

**എന്നാൽ ഇവിടെയാണ് യോഗ എന്ന പ്രകൃതിദത്തമായ ആരോഗ്യസംരക്ഷണം ശ്രദ്ധയാർജിക്കുന്നത്. ഇന്ത്യയിൽ ഒട്ടനവധി യോഗ കേന്ദ്രങ്ങൾ നിലനിൽക്കുന്നുണ്ട്. ഇവ യോഗയുടെ പ്രാധാന്യവും ആവശ്യകതയും സമൂഹത്തിൽ എത്തിക്കുന്നതിൽ മുഖ്യ പങ്കാണ് വഹിക്കുന്നത്.**



# ആപ്പുകൾ അറിയേണ്ടത്, സൂക്ഷിക്കേണ്ടത്..

ശ്രുതി സുരേഷ്

മൊബൈൽ ആപ്പുകൾ മലയാളിയുടെ ജീവിതത്തിലേക്ക് കടന്നുവന്നതും സ്ഥാനം ഉറപ്പിച്ചതും വളരെ വേഗത്തിലാണ്. അത്യാവശ്യ കാര്യങ്ങൾ സംസാരിക്കാനുള്ള ഒരു ഉപകരണം എന്നതിൽ നിന്നും ദൈനംദിന കാര്യങ്ങൾ സുഗമമാക്കാൻ അത്യന്താപേക്ഷിതമായ ഒരു ഉപകരണം എന്ന നിലയിലേക്ക് മാറിയിരിക്കുകയാണ് സ്മാർട്ട് ഫോണുകൾ.

പ്രായഭേദമന്യേ സ്മാർട്ട് ഫോൺ സാക്ഷരത കൈവരിച്ചില്ലെങ്കിൽ സമൂഹത്തിൽ ഒറ്റപ്പെട്ട് പോവും അല്ലെങ്കിൽ പിന്നിലാവും എന്ന ഒരു പൊതുധാരണ ഇന്ന് നിലനിൽക്കുന്നുണ്ട്.

മലയാളികളുടെ പൊതു ജീവിതത്തിൽ ഏറ്റവും സ്വാധീനം ചെലുത്തിയ മൊബൈൽ ആപ്ളിക്കേഷനുകളാണ് ഫേസ്ബുക്കും വാട്ട്സ്ആപ്പും.മൊബൈൽ സാക്ഷരത കൈവരിച്ച വ്യക്തി ആവാൻ ഉള്ള പ്രഥമ യോഗ്യതയയെ ആയാണ് ഈ രണ്ടു ആപ്പുകളുടെ ഉപയോഗത്തേയും കണക്കാക്കുന്നതെന്ന് വേണമെങ്കിൽ പറയാം.ഫേസ്ബുക്ക് എന്ന നവമാധ്യമം നമ്മുടെ സാമൂഹ്യ രാഷ്ട്രീയ സാഹചര്യങ്ങളിൽ കൃത്യമായ ഇടപെടലുകൾ നടത്തുന്നുണ്ട്.സമകാലീന വാർത്തകളും വിശകലനങ്ങളും ട്രോളുകളിലൂടെയാണ് ഇന്ന് ഏറ്റവും അധികം വായിക്കപ്പെടുന്നത്. ഒരു രാഷ്ട്രീയ സാമൂഹ്യ സാഹചര്യത്തിന് അനുകൂലമായോ പ്രതികൂലമായോ പൊതുവികാരത്തെ തിരിച്ചു വിടാൻ തക്ക ശക്തിയുണ്ട് ഇന്ന് ഫേസ്ബുക്ക് ഗ്രൂപ്പുകളിൽ ഉത്ഭവിച്ച് വാട്ട്സ്ആപ്പിലൂടെ പ്രചരിക്കുന്ന ട്രോളുകൾക്ക്. ചുബന സമരം, കരി മണൽ ഖനനം, എൽ ജി ബി റ്റി ക്യൂ, ബാലഭാസ്കർ അനുസ്മരണം, മുല്ലപ്പെരിയാർ, ശബരിമല സ്ത്രീ പ്രവേശനം തുടങ്ങി സമൂഹമാധ്യമ ശക്തിയിൽ ഒരോ ദിവസവും സംഘടിപ്പിക്കുന്ന പുതിയ സമരങ്ങൾ, ഒത്തു ചേരലുകൾ നിരവധിയാണ്. വ്യത്യസ്തരായതു കൊണ്ട് ഒറ്റപ്പെട്ടുപ്പോയ, സ്വന്തം സ്വത്വം ഒളിച്ചുവെച്ച് ജീവിച്ച പലർക്കും മുൻപത്തിൽ സമാന മനസ്കരുടെ ഒരു വലിയ ലോകമാണ് ഫേസ്ബുക്ക് തുറന്നിട്ടത്. അങ്ങനെ ന്യൂനപക്ഷവും ഭൂരിപക്ഷവുമായ സമാന മനസ്കരുടെ ആഘോഷമാണ് ഫേസ്ബുക്കെന്ന കൈപ്പിടിയിലൊതുങ്ങുന്ന ഈ ചെറിയ വലിയ ലോകം...

ദിവസങ്ങളോളം വീട്ടിൽ നിന്നിറങ്ങാതെ നാല് ചുവരുകളിൽ തങ്ങളുടെ ജീവിതങ്ങൾ കഴിച്ചുകൂട്ടുന്ന ആളുകൾ ഇന്ന് നമ്മുടെ നഗരങ്ങളിലുണ്ട് എന്ന് പറയുമ്പോൾ തെല്ലും അതിശോക്തിയില്ല. ചൂട്, മഴ, മടി അങ്ങനെ കാരണമെന്തായാലും ഒരു വീടിന്റെയോ ഫ്ലാറ്റിന്റെയോ വാതിലിന് അപ്പുറത്തേക്ക് കാലുവയ്ക്കാതെ കുറേ ദിവസങ്ങളെങ്കിലും വളരെ സരളമായി നമ്മുടെ ജീവിതത്തെ ആപ്പുകളിലൂടെ മുന്നോട്ടു കൊണ്ടുപോവാം. വിശക്കുമ്പോൾ നമ്മൾ ആഗ്രഹിക്കുന്ന ഭക്ഷണം നമ്മുടെ പടിവാതിൽക്കൽ ശരവേഗത്തിൽ എത്തിക്കാൻ സ്വിഗ്വിയും, ഊബർ ഈറ്റ്സും, സൊമാറ്റോയുമൊക്കെ മത്സരിക്കുകയാണ്. ഭക്ഷണം കഴിഞ്ഞാൽ ഒരൽപം എന്റർടെയിൻമെന്റിന് കുറച്ചു ടിക്ടോക് വീഡിയോകൾ കാണാം, അല്പം ക്രിയാത്മകത ഒക്കെ ഉപയോഗിക്കാൻ തോന്നിയാൽ വേണമെങ്കിൽ ഒന്നു രണ്ട് വീഡിയോയിൽ അഭിനയിക്കുകയുമാവാം. ഉച്ചയൂണിന് ഇനിയും സമയമുണ്ടല്ലോ ഒരു സിനിമ കണ്ടേക്കാം എന്നാണെങ്കിൽ തിയേറ്ററിൽ ഓടിത്തീരുന്നതിനു മുൻപ് തന്നെ ലൂസിഫറുമായി ആമസോൺ പ്രൈമും, ഇന്റർനാഷണൽ കണ്ടന്റുമായി നെറ്റ്ഫ്ലിക്സും, സീരിയലുകൾ മുതൽ വാർത്ത വരെ എല്ലാമുള്ള ഹോട്ട്സ്റ്റാറും, പിന്നെ നമ്മുടെ പഴയ യൂ ട്യൂബുമൊക്കെകൂടി ഊണ് വരെയുള്ള സമയം അങ്ങ് വീതിച്ചെടുക്കും.

തീറ്റയും എന്റർടെയിൻമെന്റും മാത്രം പോരാ അല്പം മനുഷ്യ സമ്പർക്കം കൂടി ആവാം എന്ന് തോന്നിയാൽ, ചാറ്റ് ആയും വീഡിയോ കോൾ ആയുമൊക്കെ ബന്ധുക്കളെയും സുഹൃത്തുക്കളെയും നമ്മുടെ അടുത്ത് ജീവനുള്ള പോലെ എത്തിച്ച് തരും വാട്സാപ്പ് പോലുള്ള അനേകം വീഡിയോ കോളിംഗ് ആപ്പുകൾ. വൈകുന്നേരങ്ങളിൽ ഒത്തുകൂടി ചീട്ട് കളിക്കണമെന്നാണെങ്കിൽ അതിനുമുണ്ട് ആപ്പുകൾ! ചീട്ടുകളിയോ, പാമ്പും കോണിയോ, പബ്ജിയോ അങ്ങനെ എന്തും ഇഷ്ടമുള്ളവരുടെ കൂടെ കളിക്കാം. സ്വിഗ്ഗിയുടെ ഡിന്നർ കൊണ്ടു വന്ന പാത്രം ചവറ്റു കുട്ടയിലാക്കി ഗാന, സാവൻ തുടങ്ങി ഇഷ്ടപ്പെട്ട മ്യൂസിക് ആപ്പിൽ സൂത്തിംഗ് സോംഗ്സ് കേട്ട്,ഉറക്കത്തിന് തൊട്ടു മുൻപ് എല്ലാ വാട്ട്സ്ആപ്പ് ഗ്രൂപ്പിലും ഒരോ ശുഭരാത്രിയും




നേർന്ന് സമ്പൂർണ്ണ 'ആപ്പ് ദിനം' അവസാനിപ്പിക്കാം.

ജീവിതം സരളമാക്കാൻ മനുഷ്യൻ ചെയ്യുന്നതൊക്കെ വലിയ സങ്കീർണ്ണതകളിലേക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്.

നോട്ടുകളായോ പണമായോ കൈയിൽ പൈസ കരുതുന്ന കാലം കഴിയുകയാണ്. പാസ്സ് വേർഡ്, ഓ റ്റി പി, പിൻ നമ്പർ തുടങ്ങിയ ചെറിയ മണിച്ചിത്രത്താഴുകളാണ് നമ്മുടെ പണത്തെ ഇന്ന് സംരക്ഷിക്കുന്നത്.ഈ മണിച്ചിത്രത്താഴുകളുടെ താക്കോലുകൾ ഒക്കെ നമ്മുടെ മൊബൈൽ ആപ്പുകളെ നമ്മൾ വിശ്വസിച്ച് ഏൽപ്പിക്കുന്നു. ഈ മൊബൈൽ ആപ്പുകളിലെ സെക്യൂരിറ്റിയിൽ എന്തെങ്കിലും വീഴ്ചകളുണ്ടായാൽ നമ്മുടെ പിൻ നമ്പറുകൾ, പാസ്സ് വേർഡുകൾ ഒക്കെ സ്വന്തമാക്കാൻ ഹാക്കർമാർക്ക് സാധിക്കും. നിങ്ങൾ വിശ്വസിച്ച ഏതെങ്കിലും ഒരു ആപ്പിന്റെ അശ്രദ്ധ കൊണ്ട് നിങ്ങളുടെ ബാങ്ക് അക്കൗണ്ട് കാലിയാവാം എന്നു സാരം! ഇങ്ങനെ പണം നഷ്ടപ്പെട്ടാൽ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ആരും ഉണ്ടാവാറില്ല, ഇങ്ങനെയുള്ള സാഹചര്യങ്ങളെ മുൻകൂട്ടി കണ്ടാണ് ആപ്പുകൾ തങ്ങളുടെ നിയമങ്ങൾ ഉണ്ടാക്കി 'I ACCEPT' എന്ന ഓപ്ഷനിൽ അമർത്താൻ പറയുന്നതും നമ്മൾ കണ്ണുംപൂട്ടി അത് ചെയ്യുന്നതും. സൈബർ കുറ്റകൃത്യങ്ങൾ ഹാൻഡിൽ ചെയ്യുന്ന നമ്മുടെ നാട്ടിലെ പോലീസിനോട് പരാതിപ്പെട്ടാലും, പല രാജ്യങ്ങളിൽ പടർന്ന് കിടക്കുന്ന സൈബർ തട്ടിപ്പ് സംഘങ്ങളെ കണ്ടു പിടിക്കുന്നതും നഷ്ടപ്പെട്ട പണം തിരിച്ചു പിടിക്കുന്നതുമൊന്നും പ്രായോഗികമാവാറില്ല.

നമ്മുടെ പേഴ്സണൽ ഡേറ്റയ്ക്കു വലിയ വിലയുണ്ടെന്ന് അറിയുമോ? പല അന്താരാഷ്ട്ര കമ്പനികളും ഫേസ്ബുക്ക്, ഗൂഗിൾ പോലെയുള്ള കമ്പനികൾക്ക് പണം നൽകി നമ്മൾ ആപ്പുകളിൽ കാണുന്നതും, കൈകാര്യം ചെയ്യുന്നതുമൊക്കെ നിരീക്ഷിച്ച്, നമ്മൾ വാങ്ങാൻ ഇടയുള്ള വസ്തുക്കളെ അവർ പരസ്യം ചെയ്യുന്നു. ഒരാളെ പുതിയതായി പരിചയപ്പെട്ട് വന്ന് ഫേസ്ബുക്ക് തുറക്കുമ്പോൾ അയാളെ നിങ്ങൾക്ക് അറിയാൻ സാധ്യതയുള്ളയാൾ (people you may know) എന്ന് പറഞ്ഞ് ഫേസ്ബുക്ക് കാണിച്ച് തരുന്നത് മാജിക്ക് അല്ല,മറിച്ച് നിങ്ങൾ ചെയ്യുന്നതെല്ലാം വീക്ഷിക്കുന്ന അദൃശ്യ കണ്ണുകളാണ് നിങ്ങളുടെ കയ്യിലിരിക്കുന്ന ഫോണും അതിൽ ഇൻസ്റ്റാൾ ചെയ്തേക്കുന്ന ആപ്പുകളും എന്ന ഓർമ്മിപ്പിക്കലാണ്. തികച്ചും പേഴ്സണലായ ഫോട്ടോകളും വീഡിയോകളുമൊന്നും നമ്മുടെ മൊബൈലുകളിൽ പൂർണമായി സുരക്ഷിതമല്ല.പേഴ്സണൽ ഫോട്ടോസ്, വീഡിയോസ് ഒക്കെ ഹൈഡ് ചെയ്യാൻ എന്ന നിലയിൽ ലഭ്യമായ പല ആപ്പുകളും ഇൻസ്റ്റാൾ ചെയ്യുന്നവർ അറിയുന്നില്ല തങ്ങളുടെ പേഴ്സണൽ ഡേറ്റയുടെ പൂർണ നിയന്ത്രണം ഹൈഡിംഗ് ആപ്പ് ഉണ്ടാക്കിയവരുടെ കൈയ്യിലേക്കാണ് അവർ കൊടുക്കുന്നതെന്ന്. വിവിധ ആപ്പുകളാൽ സമ്പന്നമായ ലോകത്ത് ഇനി ഗൂഗിൾ അറിയാത്ത വലിയ രഹസ്യങ്ങളൊന്നുമില്ല എന്ന് വേണമെങ്കിൽ പറയാം! ഒരു മനുഷ്യന്റെ സ്വഭാവം അറിയാൻ ഇന്റർനെറ്റ് കമ്പനികൾക്ക് പണം നൽകി സ്വഭാവ റിപ്പോർട്ടുകൾ വാങ്ങാൻ സാധിക്കുന്ന കാലം വിദൂരമല്ല,ജാഗ്രതൈ!!!

സ്മാർട്ട് ഫോണുകളുടെ അമിത ഉപയോഗം കൊണ്ടുണ്ടാവുന്ന ശാരീരികവും മാനസികവുമായ ആരോഗ്യ പ്രശ്നങ്ങൾ നിരവധിയാണ്.തലവേദന, കാഴ്ചകുറവ്,ശാരീരിക വേദന തുടങ്ങി പല അസ്വസ്ഥതകളും ഇന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. എന്നാൽ ഭീകരമായ പ്രത്യാഘാതങ്ങൾ പലതും മാനസികമാണ്.കൗമാരക്കാർക്കിടയിലുള്ള വിഷാദരോഗം ഭയാനകമായ രീതിയിൽ കൂടുന്നു എന്നാണ് യുഎസ്സിൽ നടത്തിയ ചില പഠനങ്ങൾ സൂചിപ്പിക്കുന്നത്. അതിലെ കണക്കുകൾ പ്രകാരം 2009 മുതൽ 2017 വരെ ആത്മഹത്യ ചെയ്യാൻ ആഗ്രഹിച്ച സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം 25 ശതമാനമായി വർദ്ധിച്ചു, വിഷാദ രോഗം സ്ഥിരീകരിക്കപ്പെട്ട കുട്ടികളുടെ എണ്ണം 37 ശതമാനമായി വർദ്ധിച്ചു. ഈ കണക്കുകൾ നവയുഗ ആപ്പുകളുടെ കൂടിയ ഉപഭോഗത്തോടാണ് ചേർത്തു വായിക്കപ്പെടേണ്ടത്. ഫോൺ നിന്ന് അകന്നിരിക്കാൻ പറ്റാത്ത അവസ്ഥ,അഥവാ നോമോഫോബിയ (nomophobia), പ്രായ ഭേദമന്യേ പല രാജ്യങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. നിയമം വഴിയോ അധികാരം വഴിയോ ഒന്നും ആപ്പുകൾ മുന്നോട്ട് വയ്ക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ലാ എന്ന് കോടതി നിരോധിക്കുകയും അതേ വേഗത്തിൽ തിരിച്ചു വരികയും ചെയ്ത ടിക് ടോക് ആപ്പ് നമുക്ക് കാണിച്ചു തന്നു.

ആപ്പുകൾ നമ്മുടെ ജീവിതത്തെ ലളിതവും ആയാസരഹിതവുമാക്കാൻ വഹിക്കുന്ന പങ്ക് കുറച്ചു കാണാൻ ഒരിക്കലും സാധിക്കുകയില്ല. ഒരു ആഗോള ഗ്രാമമാണ് ഈ ആപ്പുകൾ തുറന്നിടുന്നത്. അവിടെ നമുക്ക് നമ്മുടെ ക്രിയാത്മകത പങ്കുവയ്ക്കാം. നല്ലതിനെ ഏറ്റെടുക്കാൻ,പ്രോൽസാഹിപ്പിക്കാൻ, കയ്യടിക്കാൻ ഒക്കെ ലോകം മുഴുവൻ തുറന്ന മനസ്സോടെ കാത്തിരിക്കുന്നു. നമ്മുടെയും ചുറ്റുമുള്ളവരുടെയും ഈ സൈബർആപ്പ് ലോകം സുരക്ഷിതമാക്കി വയ്ക്കേണ്ടത് ഒരോരുത്തരുടേയും കടമയാണ്. ഭൗതിക ലോകത്ത് നമ്മൾ പാലിച്ചു പോരുന്ന എല്ലാ സദാചാരവും മാനുഷിക മൂല്യങ്ങളും ഒക്കെ വിർച്വൽ ഇടങ്ങളിലും കാത്തു സൂക്ഷിക്കേണ്ടതുണ്ട്. ജനിച്ചു വീഴുമ്പോൾ മുതൽ യൂ ട്യൂബിൽ വീഡിയോ കണ്ടു തുടങ്ങുന്ന നമ്മുടെ അടുത്ത തലമുറകൾക്ക് പേടി കൂടാതെ ജീവിതം സുഗമമാക്കാൻ അഥവാ ഉപയോഗിക്കാൻ പറ്റുന്ന ഇടമാക്കി സൈബർ ലോകത്തെ മാറ്റുക എന്നത് നാം ഓരോരുത്തരും ഏറ്റെടുക്കേണ്ട ഉത്തരവാദിത്വമാണ്.

സ്മാർട്ട് ഫോൺ സ്ക്രീൻ ടൈം എന്നത് ഒരു നിശ്ചിത സമയമായി ക്രമീകരിക്കുക എന്നതൊക്കെ വ്യക്തിപരമായ അച്ചടക്കത്തിന്റെ ഭാഗമാക്കാൻ എല്ലാവരും ശ്രദ്ധിക്കേണ്ട സമയമായി എന്ന് തോന്നുന്നു.ആപ്പുകളെ നമുക്ക് പ്രയോജനകരമായ ടൂളുകളായി ഉപയോഗിക്കാം, അല്ലാതെ ആപ്പുകളുടെ ടൂളുകളായി നമുക്ക് മാറാതിരിക്കാൻ ശ്രദ്ധിക്കാം.

# മൺപാത്ര നിർമ്മാണം ജീവിതമാർഗമാവുമ്പോൾ...







അരുണ ആർ

നവീന മഹാശിലാ സംസ്കാരത്തിന്റെ ഭാഗമാണ് മൺപാത്ര നിർമ്മാണം. പുരാതന കാലം മുതലേ കേരളത്തിൽ ഈ മേഖലക്ക് വലിയ പ്രാധാന്യം ഉണ്ടായിരുന്നു. കേരളത്തിലെ നിരവധി ഗ്രാമങ്ങളിൽ ഇന്നും മൺപാത്ര നിർമ്മാണം സജീവമാണെങ്കിലും, പരമ്പരാഗതമായ ഇത്തരം തൊഴിലുകൾ ഏറ്റെടുത്തു ചെയ്യുവാൻ പുതിയ തലമുറ തയാറാവുന്നില്ല എന്നത് ഇത്തരം മേഖലയെ പ്രതിസന്ധിയിലാക്കുന്നുണ്ട്. സാമൂഹിക രാഷ്ട്രീയ സാമ്പത്തിക നേട്ടങ്ങൾ കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞുവെങ്കിലും ഇത്തരത്തിലുള്ള കലാമൂല്യമുള്ള കഴിവുകളെ സംരക്ഷിക്കാൻ എന്തുകൊണ്ട് സാധിക്കുന്നില്ല എന്നത് നിരീക്ഷക്കേണ്ടുന്ന ഒരു വസ്തുതയാണ്.

ഈ ചോദ്യം തന്നെയാണ് പാലക്കാട് ജില്ലയിലെ കോളോട് ഗ്രാമത്തിലെ മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് ചോദിക്കാനുള്ളത്. പണ്ട് ആന്ധ്രാപ്രദേശിൽ നിന്നും പാലക്കാട് വന്ന് കുടിയേറി പാർത്ത മൺപാത്ര നിർമ്മാണ തൊഴിലാളികളുടെ പുത്തൻ തലമുറയിൽപ്പെട്ട ആളാണ് രാജു. പൂർവ്വികരിൽ നിന്നും കണ്ടും കേട്ടും അറിഞ്ഞും പഠിച്ച മൺപാത്ര നിർമ്മാണ വിദ്യ ഒരു തൊഴിലായി കണ്ട്, ഇന്നും അദ്ദേഹം അത് തുടർന്നു പോകുന്നു.







പുലർച്ചെ അഞ്ചു മണിക്ക് തുടങ്ങുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നേരം ആറു മണിയോടെ ആയിരിക്കും അവസാനിക്കുക. സ്ത്രീകൾ ആരും മൺപാത്രം ഉണ്ടാക്കാറില്ല, മണ്ണ് കുഴയ്ക്കാൻ മാത്രമാണ് അവരുടെ സഹായം വേണ്ടി വരുക. വീടിന് അടുത്ത് തന്നെ ചെറിയ ഒരു ശാല നിർമ്മിച്ച്, വെട്ടി കൊണ്ടുവന്ന മണ്ണിനെ പാകപ്പെടുത്തി എടുത്ത്,ആവശ്യത്തിനു വെള്ളം കൂട്ടി ഉടച്ച് പരുവം ആക്കിയെടുക്കും. മണ്ണ് വെട്ടി കൊണ്ടുവരുവാൻ അവർ എടുക്കുന്ന കഷ്ടപ്പാട് ചെറുതൊന്നുമല്ല.

''സർക്കാരിന്റെ ഉത്തരവ് പ്രകാരം മണ്ണ് എടുക്കുന്നത് കുറ്റകരമാണ്. പക്ഷേ, പുഴക്കരയിലെ മണ്ണ് ഇല്ലാതെ ജോലി മുന്നോട്ട് പോവാൻ സാധിക്കില്ല. മണ്ണ് വെട്ടാൻ രാത്രികളിലാണ് പോവുന്നത്. നല്ല മണ്ണ് കിട്ടാതായതോടെ ഈ രംഗം ഉപേക്ഷിച്ച് പലരും മറ്റു ജോലിക്ക് പോയി. പാരമ്പര്യമായി ലഭിച്ച തൊഴിലായതുകൊണ്ട് വിട്ടുപോകാൻ മനസ്സ് അനുവദിക്കുന്നില്ല'', രാജു പറയുന്നു. ആരും കാണാതെ പുഴക്കരയിൽ നിന്ന് ആവശ്യത്തിന് മണ്ണ് എടുത്ത് പോലീസിന്റെ കണ്ണിൽപ്പെടാതെ സുരക്ഷിതമായി ശാലയിൽ എത്തിക്കും. വണ്ടിക്ക് തന്നെ ലോഡ് അനുസരിച്ച് പൈസ കൊടുക്കേണ്ടി വരും. അത്രയും കഷ്ടപ്പെട്ട് കൊണ്ടുവന്നില്ലെങ്കിൽ ഭാര്യയും രണ്ട് മക്കളും അടങ്ങുന്ന കുടുംബം പട്ടിണി ആവും എന്നത് ഉറപ്പാണ്.

ശേഖരിച്ച മണ്ണിൽ നിന്ന് വേരുകൾ, ഇലകൾ, കല്ലുകൾ തുടങ്ങിയവ വേർതിരിച്ച്, വൃത്തിയാക്കി മരം കൊണ്ട് ഉണ്ടാക്കിയ ചക്രത്തിലേക്ക് എടുത്തു വെച്ച് മൺപാത്ര നിർമ്മാണം ആരംഭിക്കും. കുടങ്ങളും, പൂച്ചെടികളും, ചെട്ടിയും തുടങ്ങി വിവിധയിനം മൺപാത്രങ്ങളാണ് ശാലയിൽ നിർമ്മിക്കുന്നത്. എല്ലാ പാത്രങ്ങൾക്കും ചക്രത്തിൽ വെച്ച് തന്നെ രൂപം കൊടുത്ത്, ശേഷം പുറത്തേക്ക് വെച്ച്, അടുത്ത ദിവസം അടിഭാഗം അടിച്ച് നിരപ്പ് ആക്കും. ഒരു ദിവസം നൂറ് പാത്രങ്ങൾ വരെയെങ്കിലും ഉണ്ടാക്കാറുണ്ട്. മുമ്പ് വീടിനു ചുറ്റും ഉള്ളവർ ഇവിടെ ജോലിക്ക് വന്നിരുന്നു. എന്നാൽ, ഇപ്പോൾ എല്ലാവരും പുറത്ത് ജോലിക്ക് പോവുകയാണ്.

സർക്കാരിൽ നിന്ന് യാതൊരുവിധ സഹായങ്ങളും ഈ മേഖലക്ക് കിട്ടുന്നില്ല. കേരളത്തിന്റെ തനതായ ഇത്തരം ചെറുകിട മേഖലകൾ ഭീഷണിയുടെ വക്കിലാണ്, ഇത്തരത്തിലുള്ള സംസ്കാരം നിന്നുപോകുമോയെന്ന ആശങ്കയിലാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ. കലാപരമായ വൈദഗ്ധ്യം വേണ്ടുന്ന ഇങ്ങനെയുള്ള ഓരോ മേഖലകളും സംരക്ഷിക്കേണ്ടത് അഥവാ നിലനിർത്തേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്...

## കണ്ടറിഞ്ഞ്, തൊട്ടറിഞ്ഞ്... അടുത്തറിയാം

# മണ്ണിനെ..

ശാലിൻ രാജ് പി ആർ






*പാറോട്ടുകോണത്തെ മണ്ണ് മ്യൂസിയം*

**തിരു'പുരം:** മണ്ണിനെ അറിയുക മണ്ണിനെ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ മണ്ണ് പര്യവേഷണ, മണ്ണ് സംരക്ഷണ വകുപ്പ് ചേർന്ന് കെട്ടിപ്പടുത്തതാണ് സംസ്ഥാന മണ്ണ് മ്യൂസിയം. തിരുവനന്തപുരത്ത് പാറോട്ടുകോണത്ത് സ്ഥിതി ചെയ്യുന്ന, സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറിയുമായി ചേർന്നാണ് മ്യൂസിയം പ്രവർത്തിക്കുന്നത്. കാഴ്ചകൾക്കപ്പുറം ഇവിടം സോയിൽ ഇൻഫർമേഷൻ സെന്ററും കർഷകരുടെ പരിശീലന കേന്ദ്രവും ആണ്. വിദ്യാർഥികൾ, ഗവേഷകർ, കർഷകർ തുടങ്ങിയവർക്ക് പുറമേ ദിനവും മ്യൂസിയം സന്ദർശിക്കാനെത്തുന്നത് നിരവധി വിദേശികൾ.

പുതുതലമുറയ്ക്ക് കേരളത്തിലെ വൈവിധ്യമാർന്ന മണ്ണിനങ്ങൾ നേരിട്ട് കണ്ടറിഞ്ഞ് മനസ്സിലാക്കാനും പ്രകൃതി വിഭവങ്ങളായ മണ്ണ്, ജലം എന്നിവയെ കുറിച്ച് ശാസ്ത്രീയമായ അറിവ് ലഭിക്കുവാനും അവയുടെ സമഗ്ര പരിപാലനത്തിനും സംരക്ഷണത്തിനും വേണ്ടുന്ന അവബോധം സൃഷ്ടിക്കുവാനും ഇതിലൂടെ സാധിക്കുന്നു. മ്യൂസിയത്തിന്റെ മുഖ്യ ആകർഷണങ്ങളിൽ ഒന്ന് കേരളത്തിലെ 14 ജില്ലകളിൽ നിന്നും കണ്ടെത്തിയ മണ്ണിനങ്ങളുടെ ശേഖരമാണ്.ഒരു പ്രദേശത്ത് വ്യാപകമായി കാണപ്പെടുന്ന പ്രധാന മണ്ണിനങ്ങൾ അവയുടെ കാർഷിക പ്രാധാന്യത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് ബെഞ്ച്മാർക്ക് മണ്ണുകൾ എന്ന വിഭാഗത്തിൽപ്പെടുത്തിയിരിക്കുന്നു. കേരളത്തിൽ കാണുന്ന 82 ബെഞ്ച്മാർക്ക് മണ്ണുകളുടെ സ്ഥിര പരിഛേദികളും അവയുടെ വിവരണവും സംസ്ഥാന സോയിൽ മ്യൂസിയത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

ഫലഭൂയിഷ്ഠത,അനുയോജ്യവിളകൾ എന്നിവ വിശദമാക്കുന്ന ലഘു വിവരണങ്ങൾക്ക് കൂടാതെ സുസ്ഥിരകൃഷി, കേരളത്തിലെ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾ,വിള സമ്പ്രദായങ്ങൾ, മണ്ണ് മലിനീകരണം, ഉറവിടങ്ങൾ, മണ്ണൊലിപ്പ്, നിലംനികത്തൽ നീർത്തട പ്രവർത്തന മാതൃക, സോയിൽ പൈപ്പിങ്, വിവിധ മണ്ണ് ജല സംരക്ഷണ മാർഗങ്ങൾ, ജലസേചന മാർഗങ്ങൾ തുടങ്ങിയവയുടെ മാതൃകകളും ഇവിടെയുണ്ട്.

കേരളത്തിൽ കാണപ്പെടുന്ന പ്രധാന ശിലകളും ധാതുക്കളും, മണ്ണിലെ ഘടകങ്ങൾ, മണ്ണ് പര്യവേഷണ പഠന ഉപകരണങ്ങൾ എന്നിവയുടെ ശേഖരം മ്യൂസിയത്തിൽ ഉണ്ട്.കേരളത്തിന്റെ ധാതു ലഭ്യത, ഭൂവിജ്ഞാനം, ഭൂപ്രകൃതി ശാസ്ത്ര നീർത്തട ഭൂപടങ്ങൾ, കേരളത്തിലെ വിവിധ ജില്ലകളുടെ സോയിൽ മാപ്പുകളും തുടങ്ങിയവയും ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. മണ്ണ് സാമ്പിളുകളുടെ ശേഖരണവും പരിശോധനയ്ക്ക് തയ്യാറാക്കുന്ന രീതിയും, മണ്ണിന്റെ പിഎച്ച് ലവണാംശം നിർണയവും, മണ്ണിന്റെ രചന നിർണയവും ഇവിടെ നടക്കുന്നുണ്ട്. സോയിൽ ലൈബ്രറിയും മിനി തിയേറ്ററും മറ്റ് പ്രത്യേകതകളാണ്.

തെക്കേ ഇന്ത്യയിലെ വൈവിധ്യമാർന്ന ഇരുപതോളം മണ്ണ് ശ്രേണികളുടെ പരിച്ഛേദം സംസ്ഥാന സോയിൽ മ്യൂസിയത്തിന് ഉടൻ ലഭ്യമാകും. നാഷണൽ ബ്യൂറോ ഓഫ് സോയിൽ സർവ്വേയ്ക്ക് ഉത്തരവ് നൽകിയിട്ടുണ്ടെന്നും ഒരുവർഷത്തിനകം പ്രദർശന യോഗ്യമാകുമെന്നും സെൻട്രൽ സോയിൽ അനലിറ്റിക്കൽ ലബോറട്ടറി പ്രിൻസിപ്പൽ സോയിൽ കെമിസ്റ്റ് അംബിക പറഞ്ഞു. രണ്ട് പരിച്ഛേദങ്ങൾ ഇപ്പോൾതന്നെ മ്യൂസിയത്തിൽ എത്തിച്ചിട്ടുണ്ട്.

സ്കൂൾ വിദ്യാർത്ഥികൾക്ക് 10 രൂപയും, കോളേജ് വിദ്യാർത്ഥികൾക്ക് 15 രൂപയും, പൊതുജനങ്ങൾക്ക് 25 രൂപയുമാണ് പ്രവേശന ടിക്കറ്റ് നിരക്ക്. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയാണ് സന്ദർശന സമയം.



# കാണേണ്ടത്!

## ക്യാംപസ് ചിത്രങ്ങൾ





എണ്ണമറ്റ ദൃശ്യങ്ങളുടെ കലവറയാണ് കാര്യവട്ടം ക്യാംപസ് . ഈ മഴക്കാലത്തെ ചില ക്യാംപസ് ക്ലിക്കുകൾ.

-അനന്തു ജി എസ്





# നവ്യാനുഭവം പകർന്ന് ഹ്രസ്വ ചലച്ചിത്ര മേള

ശ്രുതി സുരേഷ്

**തിരു'പുരം:** പന്ത്രണ്ടാമത് അന്താരാഷ്ട്ര ഹ്രസ്വ ചലച്ചിത്ര മേള ജൂൺ 26ന് തിരുവനന്തപുരത്ത് സമാപിച്ചു. കൈരളി, നിള, ശ്രീ എന്നീ തിയേറ്ററുകളിലായി ജൂൺ 21 മുതൽ 26 വരെയാണ് മേള നടന്നത്. കഴിഞ്ഞ വർഷം വരെ, അഞ്ച് ദിനങ്ങളിൽ നടത്തിയിരുന്ന മേള ചലച്ചിത്ര പ്രേമികളുടെ അഭ്യർത്ഥന മാനിച്ച് ഈ വർഷം ആറ് ദിനങ്ങളാക്കിയിരുന്നു.

പത്തു വിഭാഗങ്ങളായി തരം തിരിച്ച 263 ചിത്രങ്ങളാണ് പ്രദർശിപ്പിച്ചത്. ഷോർട് ഫിക്ഷൻ മത്സര വിഭാഗത്തിൽ 19 ചിത്രങ്ങളും, ഷോർട് ഡോക്യുമെന്ററി മത്സര വിഭാഗത്തിൽ 24 ചിത്രങ്ങളും, ലോങ്ങ് ഡോക്യുമെന്ററി മത്സര വിഭാഗത്തിൽ 11 ചിത്രങ്ങളുമാണ് ഉൾപ്പെടുത്തിയിരുന്നത്. ക്യാമ്പസ് വിഭാഗത്തിൽ കോളേജ് വിദ്യാർത്ഥികൾ അണിയിച്ചൊരുക്കിയ 9 ചിത്രങ്ങൾ പ്രദർശിപ്പിച്ചു. മലയാളത്തിൽ നിന്ന് മാത്രമായി 19 ചിത്രങ്ങളാണ് ഉണ്ടായിരുന്നത്. ഫോക്കസ് ഷോർട്ട് ഫിക്ഷൻ, ഫോക്കസ് ഷോർട്ട് ഡോക്യുമെന്ററി, ഫോക്കസ് ലോങ്ങ് ഡോക്യുമെന്ററി, അനിമേഷൻ, മ്യൂസിക് വീഡിയോ, എന്നിവയായിരുന്നു മറ്റ് വിഭാഗങ്ങൾ.

ഇന്ത്യൻ ചലച്ചിത്ര രംഗത്തിന് സമഗ്ര സംഭാവനകൾ നൽകിയ പ്രശസ്ത സംവിധായിക മധുശ്രീ ദത്തക്ക് ലൈഫ് ടൈം അച്ചീവമെന്റ് അവാർഡ് നൽകി ചടങ്ങിൽ ആദരിച്ചു. രണ്ട് ലക്ഷം രൂപയും ഫലകവും അടങ്ങിയ അവാർഡ് ജൂൺ 26ന് കൈരളി തിയേറ്ററിൽ വെച്ച് നടന്ന സമാപന സമ്മേളനത്തിൽ സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ സമ്മാനിച്ചു. സംവിധായിക, സാഹിത്യകാരി, വാഗ്മി എന്നീ നിലകളിൽ പ്രശസ്തയായ മധുശ്രീ ദത്തയുടെ 5 ചിത്രങ്ങൾ മേളയിൽ ഉൾപ്പെടുത്തിയിരുന്നു.




*പന്ത്രണ്ടാമത് അന്താരാഷ്ട്ര ഹ്രസ്വ ചലച്ചിത്ര മേളയുടെ സമാപന ചടങ്ങ്*

പതിനൊന്ന് വർഷങ്ങൾ കൊണ്ടുതന്നെ നോൺ ഫിക്ഷൻ വിഭാഗത്തിൽപ്പെട്ട ചിത്രങ്ങൾക്ക് ഒരു മികച്ച വേദിയൊരുക്കാൻ കേരള ചലച്ചിത്ര അക്കാദമിയും സാംസ്കാരിക വകുപ്പും ചേർന്ന് ഒരുക്കുന്ന ഐ.ഡി.എസ്.എഫ്.എഫ്.കെ ക്ക് സാധിച്ചിട്ടുണ്ട്. ലോകത്തിന്റെ നാനാ ദിക്കിലുള്ള പച്ചയായ ജീവിത ആവിഷ്കാരങ്ങൾ സർഗാത്മകമായി നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ചലച്ചിത്ര പ്രേമികളിൽ എത്തിക്കുക എന്നതാണ് മേളയുടെ ലക്ഷ്യം. സിനിമാ പ്രൊഫഷണലുകൾക്കൊപ്പം സാധാരണ പ്രേക്ഷകരുടെയും പങ്കാളിത്തം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ ഓപ്പൺ ഫോറം, ഡിബേറ്റുകൾ,സെമിനാറുകൾ തുടങ്ങിയ പരിപാടികളും മേളയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്നു.

മേളയിലേയ്ക്ക് പ്രവേശനത്തിനായുള്ള റെജിസ്ട്രേഷൻ ജൂൺ പത്തിന് തന്നെ ആരംഭിച്ചിരുന്നു. ഡെലിഗേറ്റ് റെജിസ്ട്രേഷന് 400 രൂപയാണെങ്കിലും വിദ്യാർത്ഥികളിൽ നിന്ന് 200 രൂപയെ ഈടാക്കിയുള്ളൂ. മുൻ വർഷങ്ങളെക്കാളും മികച്ച പ്രേക്ഷക പങ്കാളിത്തമാണ് ഇത്തവണ ലഭിച്ചത്. മേളയുടെ ഡയറക്ടർ കമൽ, മഹേഷ് പഞ്ചു, ബീനാ പോൾ എന്നിവർ അടങ്ങിയ സംഘാടക സമിതി ഇതിനായുള്ള ക്രമീകരണങ്ങൾ മുൻകൂട്ടി തന്നെ സജ്ജമാക്കിയിരുന്നു.

# അച്ചടിയുടേയും സിനിമയുടേയും പിന്നാമ്പുറങ്ങൾ തേടി

ശാലിൻ രാജ് പി ആർ

കാര്യവട്ടം ക്യാമ്പസിലെ കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പിലെ ഒന്നാം വർഷ വിദ്യാർത്ഥികൾ തങ്ങളുടെ മാധ്യമ സന്ദർശന പരിപാടിയുടെ ഭാഗമായി കേരള കൗമുദിയും ചിത്രാഞ്ജലിയും സന്ദർശിച്ചു. സിനിമയും പത്രവുമെന്ന രണ്ട് മാധ്യമങ്ങളുടെ പിന്നാമ്പുറങ്ങളാണ് വിദ്യാർത്ഥികൾ സന്ദർശനത്തിലൂടെ കണ്ടത്. ഏതൊരു മാധ്യമത്തിനും പുറമേ കാണുന്ന പ്രൗഢിയും പ്രശസ്തിയും ഉണ്ടാക്കുന്നത് അതിന്റെ പിന്നാമ്പുറങ്ങളിലെ പ്രവർത്തനങ്ങളാണ്.

പ്രമുഖ പത്രസ്ഥാപനമായ കേരള കൗമുദിയുടെ അച്ചടി നേരിൽ കാണാനായത് വിദ്യാർത്ഥികൾക്ക് നവ്യാനുഭവമായി. തിയറികളിലും ബുക്കുകളിലും മാത്രം വായിച്ച് അറിഞ്ഞ കാര്യങ്ങൾ നേരിൽ കണ്ട് മനസിലാക്കുവാൻ കഴിഞ്ഞത് പുതിയ അവബോധംനൽകി.അച്ചടിക്കുമുൻപ്സിയാൻ,മഞ്ഞ,മജന്ത,കറുപ്പ്എന്നീനിറങ്ങൾ ആവശ്യാനുസരണം ഫലകങ്ങളിൽ നൽകുന്നു. പിന്നീട് സംഭവിക്കുന്നത്, നിമിഷനേരങ്ങൾക്കൊണ്ട് വർണങ്ങളോടുകൂടിയ പത്രം അച്ചടിച്ച് വരുന്നതാണ്.

യന്ത്രങ്ങൾ മനുഷ്യന്റെ ജോലിഭാരം കുറച്ചെങ്കിലും അതിന്റെ സുഗമമായ പ്രവർത്തനങ്ങൾക്ക് മനുഷ്യരുടെ സേവനം ആവശ്യമാണ്. അച്ചടിച്ച പത്രങ്ങൾ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുകയും, നിറക്കൂടുതൽ കൊണ്ട് വ്യക്തത ഇല്ലായ്മ പോലെയുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും ചെയ്യുന്നു. അതുകഴിഞ്ഞാൽ കൃത്യമായ എണ്ണമെടുത്ത് പല കെട്ടുകളാക്കി വിവിധ സ്ഥലങ്ങളിൽ എത്തിക്കാനായി തയാറാക്കുന്നതാണ്.



*ചിത്രാഞ്ജലി സ്റ്റുഡിയോ സന്ദർശത്തിനിടെ വിദ്യാർത്ഥികൾ*

സ്റ്റുഡിയോകൾ സിനിമയുടെ മറ്റൊരു മുഖമാണ്. ചരിത്രത്തിന്റെ കൈയ്യൊപ്പുകൾ പതിഞ്ഞ ഇടമാണ് ചിത്രാഞ്ജലി. 1980ൽ കേരള ചലച്ചിത്ര വികസന കോർപറേഷന്റെ ഭാഗമായിട്ടാണ് സ്റ്റുഡിയോ നിർമിച്ചത്. മലയാള സിനിമയുടെ തലയെടുപ്പിന്റെ കാലഘട്ടത്തെ ചിത്രാഞ്ജലിയിലെ ഫിലിം മ്യൂസിയം വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. മ്യൂസിയത്തിലെ കൂറ്റൻ ക്യാമറകളും, ചരിത്രം അടയാളപ്പെടുത്തിയ സിനിമാകഥകളും കഥാപാത്രങ്ങളും സിനിമകളും താരങ്ങളും സംവിധായകരുമൊക്കെ മലയാള സിനിമയുടെ സുവർണ കാലഘട്ടത്തെ സ്മരിപ്പിക്കുന്നു. എഡിറ്റിങ് സ്യൂട്ടും ഡബ്ബിംഗ് ആൻഡ് റെക്കോർഡിങ് സിസ്റ്റവും വിശാലമായ ഇൻഡോർ ആൻഡ് ഔട്ട് ഡോർ ഷൂട്ടിങിനുള്ള സ്ഥലങ്ങളും, ഫിലിം സെറ്റുകളുമൊക്കെ ഇവിടുത്തെ പ്രധാന ആകർഷണങ്ങളാണ്. സിനിമയ്ക്ക് പിന്നിലുള്ള കൂട്ടായ പ്രവർത്തനത്തിന്റെയും കഠിനാധ്വാനത്തിന്റെയും അവശേഷിപ്പുകൾ കാണുവാൻ അവിടം വിട്ടിറങ്ങുമ്പോൾ കഴിഞ്ഞിരുന്നു.



പ്രതിബദ്ധതയുള്ള വിഷയങ്ങളുമായി

# സൂപ്പർ ഡീലക്സ്

ശ്രുതി പി പി

ത്യാഗരാജ കുമാരരാജ സംവിധാനം ചെയ്ത തമിഴ് ചിത്രമാണ് സൂപ്പർ ഡീലക്സ്. വിജയ് സേതുപതി, സാമന്ത, ഫഹദ് ഫാസിൽ, രമ്യ കൃഷ്ണൻ, മിഷ്കിൻ എന്നിവരാണ് ചിത്രത്തിൽ കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നത്.

വ്യത്യസ്തമായ മൂന്ന് കഥകളിൽ നിന്നും ആരംഭിക്കുന്നതാണ് ചിത്രം. ഭാര്യാ കാമുകന്റെ മൃതദേഹം മറവുചെയ്യാനായി ശ്രമിക്കുന്ന മുകിൽ എന്ന യുവാവിന്റെയും അതിനു കൂട്ട് നിൽക്കുന്ന ഭാര്യയുടെയും കഥയിലാണ് ചിത്രം ആരംഭിക്കുന്നത്. മുകിൽ ആയി ഫഹദ് ഫാസിലും ഭാര്യയായി സാമന്തയും മികച്ച അഭിനയം കാഴ്ച വെച്ചിരിക്കുന്നു.

രണ്ടാമത്തെ കഥ വീട്ടുകാർ അറിയാതെ തങ്ങളുടെ കയ്യിൽ നിന്നും പൊട്ടിയ ടി വി മാറ്റി, പുതിയ ഒരെണ്ണം വാങ്ങിക്കുന്നതിനായി പരക്കം പായുന്ന മൂന്നു കൗമാരക്കാരുടെ ജീവിതവും ഓട്ടപാച്ചിലുകളും മനോഹരമായി അവതരിപ്പിച്ചിരിക്കുന്നു.

ചിത്രത്തിന്റെ ഏറ്റവും ഹൃദയസ്പർശിയും മനോഹരവുമായത് അതിലെ മൂന്നാമത്തെ കഥയാണ്. ഏഴു വർഷം മുൻപ് നാടുവിട്ടുപോയ ഭർത്താവിന്റെ തിരിച്ചുവരവ് അറിഞ്ഞു സന്തോഷത്തിൽ ഇരിക്കുന്ന ഭാര്യയും മകനും. എന്നാൽ,നാടുവിട്ടപ്പോൾ ഉള്ളതിൽ നിന്നും വ്യത്യസ്ഥമായി ശില്പ എന്ന ട്രാൻസ്ജൻഡർ ആയിട്ടായിരുന്നു അയാളുടെ തിരിച്ചുവരവ്. വിജയ് സേതുപതി എന്ന നടൻ തന്റെ ഏറ്റവും മികച്ച ഒരു പ്രകടനം തന്നെ ശില്പ എന്ന ഈ ഒരു കഥാപാത്രത്തിലൂടെ പുറത്തെടുത്തിരിക്കുന്നു.

ഈ മൂന്നു കഥകളുടെയും വിവിധ ഘട്ടങ്ങളിലൂടെ ലെയറായി സഞ്ചരിക്കുന്ന ചിത്രം തന്റെ മകന്റെ ചികിത്സക്കായി പണം തേടി പായുന്ന രമ്യ കൃഷ്ണന്റെ ലീല എന്ന കഥാപാത്രത്തെയും അവരുടെ അന്ധവിശ്വാസിയായ ഭർത്താവിനെയും നമ്മുടെ മുന്നിലേക്ക് എത്തിക്കുന്നുണ്ട്.

ട്രാൻസ്ജൻഡർ വിഷയങ്ങളും, അന്ധവിശ്വാസവും, ലൈംഗികതയും ഉൾപ്പടെ നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന വിവിധങ്ങളായ വിഷയങ്ങളെ ആദ്യം തൊട്ടു അവസാനം വരെ മികച്ച രീതിയിൽ അവതരിപ്പിക്കുക മാത്രം അല്ല, കാണികളെ ഈ വിഷയങ്ങളിൽ ആഴത്തിൽ ചിന്തിപ്പിക്കുന്നതിലും ചിത്രം വിജയിച്ചിരിക്കുന്നു.

യുവാൻ ശങ്കറിന്റെ കൃത്യവും മനോഹരവുമായ സംഗീതം ചിത്രത്തിന് മാറ്റുകൂട്ടുന്നു.നളൻ കുമാരസ്വാമി, മിഷ്കിൻ, ത്യാഗരാജ കുമാരരാജാ, നീലൻ എന്നിവർ ചേർന്നാണ് ചിത്രത്തിന്റെ തിരക്കഥ ഒരുക്കിയിരിക്കുന്നത്. ഓരോ വിഷയത്തിന്റെയും കൃത്യവും സൂക്ഷ്മവുമായ നിരീക്ഷണവും അവതരണവും വഴി പുതിയൊരു ദൃശ്യാനുഭവം ആണ് പ്രേക്ഷകർക്ക്ലഭിക്കുന്നത്. മാറിവരുന്ന തമിഴ് സിനിമക്കും ആരാധകർക്കും വലിയ പ്രതീക്ഷകൾ നൽകുന്നതാണ് സൂപ്പർ ഡീലക്സ് പോലുള്ള ചിത്രങ്ങൾ.













# ഖൽബില് തേനൊഴുകണ കോഴിക്കോട്...

ശില്പ ആനി ജോസഫ്





രുചിഭേദങ്ങളുടെ നാടാണ് കോഴിക്കോട്. വിഭവങ്ങളാൽ സമ്പന്നവും ചേരുവകളാൽ വ്യത്യസ്തവുമാർന്ന സാമൂതിരിയുടെ നാട്. ചരിത്രത്താളുകളിൽ അടയാളപ്പെടുത്തപ്പെട്ട ഒട്ടനവധി സംഭവങ്ങൾ നിലനിൽക്കുമ്പോഴും, കോഴിക്കോട് അന്നും ഇന്നും പ്രശസ്തമാക്കുന്നത് അവിടുത്തെ വൈവിധ്യങ്ങളായ ഭക്ഷണപദാർഥങ്ങളാലാണ്. പരമ്പരാഗത പാചകരീതിയും നൂതനമായ ആധുനിക ഭക്ഷണരീതിയും കോഴിക്കോടിനെ 'രുചികളുടെ രാജാവ് ' ആയി വാഴിക്കുന്നു.

കടൽ കടന്ന് വിദേശങ്ങളിൽ വരെ കോഴിക്കോടിന്റെ രുചി മഹിമ പലപ്പോഴും എത്തിയിട്ടുണ്ട്. കോഴിക്കോടൻ രുചിയിൽ ഏറ്റവും പ്രധാനപ്പെട്ടത് ഹൽവ തന്നെയാണ്. ഒട്ടുമിക്ക ഇടങ്ങളിലും ഹൽവ ലഭ്യമാണെങ്കിലും രുചിയിലും ഗുണത്തിലും അവയിൽ നിന്നെല്ലാം വ്യത്യസ്ഥമാണ് കോഴിക്കോടൻ ഹൽവകൾ. കോഴിക്കോട് സന്ദർശിക്കാൻ വന്ന ടർക്കികളാണ് ഹൽവ കേരളത്തിലേക്ക് കൊണ്ടുവന്നതെന്ന വിശ്വാസം ഇവിടുത്തുക്കാർക്കിടയിലുണ്ട്. അതിൽ തനതായ മാറ്റങ്ങൾ വരുത്തിയാണ് ഇപ്പോഴുള്ള ഹൽവ നിർമ്മാണം. വെളിച്ചെണ്ണ, തേങ്ങ, തുടങ്ങിയവ ഉപയോഗിച്ച് ഉണ്ടാക്കുന്ന കരിക്ക് ഹൽവ, ആപ്പിൾ ഹൽവ, മാങ്ങ ഹൽവ, ചക്ക, ഹൽവ തുടങ്ങി വ്യത്യസ്തമാർന്ന ഹൽവകളാണ് കോഴിക്കോടൻ ഹൽവകളിലെ പ്രധാന ആകർഷണം.കോഴിക്കോടിലെ മിഠായിതെരുവിന് നിറം പകരുന്നതു തന്നെ മഞ്ഞയും പച്ചയും ചുവപ്പും കലർന്ന ഇത്തരത്തിലുള്ള ഹലുവാക്കടകളാണ്. കൂട്ടത്തിൽ എരിവും മധുരവും നിറഞ്ഞ കൊതിയൂറുന്ന കായ് ഉപ്പേരിയും കപ്പ വറുത്തതുമെല്ലാം മിഠായിതെരുവിന്റെ മൊഞ്ചുകൂട്ടുന്നു.





വിവിധ തരത്തിലുള്ള ബിരിയാണികളാണ് കോഴിക്കോടിന്റെ മറ്റൊരു ആകർഷണം. ചിക്കൻ ബിരിയാണി, ബീഫ് ബിരിയാണി, മീൻ ബിരിയാണി, ദം ബിരിയാണി, കുഴിമന്തി എന്നിങ്ങനെ ബിരിയാണികളുടെ നീണ്ട നിര കോഴിക്കോടിന് സ്വന്തമായുണ്ട്. പാകത്തിനുള്ള എരിവും രുചിയും അതിനൊത്ത സുഗന്ധവുമാണ് ഭക്ഷണപ്രേമികളെ കോഴിക്കോടൻ ബിരിയാണിയിലേക്ക് കൂടുതൽ ആകർഷിക്കുന്നത്.

അതുപോലെ ആളുകൾ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന ഒന്നാണ് സുലൈമാനി. 'ഓരോ സുലൈമാനിയിലും ഒരിത്തിരി മൊഹബത്ത് വേണം, അതു കുടിക്കുമ്പോ ലോകം ഇങ്ങനെ പതുക്കെ ആയി വന്നുനിക്കണം.' ഉസ്ദാത് ഹോട്ടൽ സിനിമയിലെ ഈ വരികൾ ഇന്നും ഇവിടുത്തുകാർക്ക് പ്രിയപ്പെട്ടതാണ്. കോഴിക്കോട്ടെ ഏതൊരു വിരുന്നിനും ഒഴിച്ചുക്കൂടാനാവത്ത ഒരു വിഭവമാണിത്.

സർബത്തിൽ കേമനായ പാൽ സർബത്ത് കുടിക്കാനായി അന്യനാട്ടിൽ നിന്ന് വരെ ആളുകൾ വരാറുണ്ട്. കൂടാതെ ഐസോരതിയും ഇവിടുത്തുകാരുടെ പ്രത്യേക വിഭവമാണ്. കോഴിക്കോട് ബീച്ചിലെ വഴിയോര കച്ചവടക്കാരാണ് ഇവ വിൽക്കുന്നത്. കൂടാതെ കല്ലുമക്കായ, ഉള്ളിവട, പൊക്കുവട, പഴംപൊരി, പത്തിരി, തരിയുണ്ട, ചട്ടിപ്പത്തിരി, പഴം നിറച്ചത്, മുട്ടപോള തുടങ്ങിയ വ്യത്യസ്ഥങ്ങളായ വിഭവങ്ങളാൽ സമൃദ്ധമാണ് കോഴിക്കോടൻ തെരുവുവീഥികൾ.



മറ്റെന്തിനെയും വെല്ലുന്ന മണവും രുചിയും സർവ്വോപരി ആകർഷണീയതയും ഏതൊരാളെയും സ്വാധീനിക്കത്തക്കതാണ്. ഭക്ഷണത്തിന് വേണ്ടി എത്തുന്നവരെ നിരാശപ്പെടുത്താതെ മനവും വയറും നിറച്ച് വിടുന്നു എന്നത് തന്നെയാണ് കോഴിക്കോടിന്റെ പ്രത്യേകത. രുചിയേറിയ വിഭവങ്ങളാൽ സത്കരിക്കുവാൻ കോഴിക്കോടുകാർ എന്നും ഉണ്ടാകും. അവർക്ക് ജാതിയോ മതമോ ഇല്ല. പകരം, ഒരായിരം നിറങ്ങളും രുചികളും ബർക്കത്തുള്ളവയും മാത്രമല്ല സ്വാദ് ഇരട്ടിക്കാൻ സ്നേഹത്തിൽ ചാലിച്ച മസാലക്കൂട്ടും....



## • ഫുൾജാറിൽ നുരഞ്ഞ് കേരളം....

നന്ദു ശേഖർ

കുലുക്കി സർബത്തും ഐസ് ക്രഷറുകളും കുത്തകയാക്കിയ സർബത്ത് വിപണിയെ ഇത്തവണ കീഴടക്കിയിരിക്കുന്നത് പുതിയൊരു വിഭവമാണ്– പേര് ഫുൾജാർ സോഡ, ശീതളപാനീയ വിപണിയിലെ പുത്തൻ താരം! കേരളത്തിൽ അങ്ങോളമിങ്ങോളം ഫുൾജാർ കച്ചവടം പൊടിപ്പൊടിക്കുകയാണ്. നിലവിലെ താരമായ കുലുക്കി സർബത്തിനെക്കാൾ വൻ ജനസ്വീകാര്യതയാണ് ഫുൾജാർ സോഡയ്ക്ക് ലഭിച്ചുക്കൊണ്ടിരിക്കുന്നത്.

നഗര–ഗ്രാമഭേദമന്യേ ഫുൾജാർ സോഡയുടെ ആവശ്യക്കാർ ഏറെയാണ്.സോഡക്ക് വേണ്ടി ബുക്ക് ചെയ്ത്, മിനിറ്റുകളോളം കടകൾക്ക് മുന്നിലുള്ള നീണ്ട വരികളിൽ ക്യൂ നിൽക്കേണ്ട അവസ്ഥയാണിപ്പോൾ പലർക്കും! നഗരങ്ങളും ഗ്രാമങ്ങളും ഇതിനെ ശരിയ്ക്കും ആഘോഷമാക്കുകയാണ്. നിരവധി പേരാണ് ദിവസവും ഇത് കുടിക്കാൻ ഒഴുകിയെത്തുന്നത്. നോമ്പ് കാലമായതിനാൽ, നോമ്പ് തുറക്കുന്നവർ അതിന് ശേഷം ഇത്തരം കടകളിലെത്തി വ്യത്യസ്തമായ വിഭവങ്ങൾ കഴിക്കുന്നത് പതിവ് കാഴ്ചയാണ്.

ഫുൾജാർ സോഡ നാട്ടിലെ താരമായത് വളരെ പെട്ടെന്നാണ്. സോഷ്യൽ മീഡിയ വഴിയും മറ്റും കേട്ടറിഞ്ഞാണ് കൂടുതൽ പേരും ശീതളപാനീയകടകളിലേക്ക് എത്തിപ്പെടുന്നത്.ചേരുവകളോടുള്ള പ്രിയവും വ്യത്യസ്തമാർന്ന രുചിയുമാണ് കൂടുതൽ പേരെ ഫുൾജാർ വാങ്ങുവാൻ പ്രേരിപ്പിക്കുന്നത്. വീട്ടിൽ പോലും അനായാസം ഉണ്ടാക്കാൻ കഴിയുന്ന സിംപിൾ ആയുള്ള ചേരുവകളാണ് ഇതിന് ഉപയോഗിക്കുന്നത്. ഫുൾജാർ സോഡ നിർമിക്കാൻ രണ്ട് ഗ്ലാസുകൾ വേണമെന്നതാണ് പ്രധാന ആകർഷണം.കിഴക്കേകോട്ടയിലെ ഒരു ഫുൾജാർ കടയിലെ ജീവനക്കാരൻ പറയുന്നു. ''ആദ്യം ഒരു ചെറിയ ഗ്ലാസിൽ നാരങ്ങ, ഇഞ്ചി, പച്ചമുളക്, പുതിനയില, കസ്കസ്, പഞ്ചസാര ലായിനി, ഉപ്പ് എന്നിവയുടെ മിശ്രിതം തയാറാക്കും. സോഡ നിറച്ച വലിയ ഗ്ലാസിലേക്ക് ഈ ചെറിയ ഗ്ലാസ് ഇട്ടാണ് കുടിക്കേണ്ട രീതി. കൃത്യമായി രുചി അറിയണമെങ്കിൽ നുരഞ്ഞവരുന്ന പതയോടുകൂടി തന്നെ കുടിക്കണം.''

ആവശ്യക്കാർ ഏറിയതിനാൽ ഫുൾജാർ സോഡയ്ക്ക് ഇപ്പോൾ കേരളത്തിൻ വൻ ഡിമാൻഡ് ആണ്. 40 രൂപാ വരെ നിരക്കിലാണ് പലയിടങ്ങളിലും ഇപ്പോൾ വിൽപ്പന നടക്കുന്നത്. ദിനവും ഒട്ടേറെപ്പേരാണ് സമൂഹമാധ്യമങ്ങളിലൂടെ ഫുൾജാർ സോഡ കുടിക്കുന്ന ദൃശ്യങ്ങൾ പങ്വെക്കുന്നത്. ''ടിക്ക് ടോക്ക് വിഡിയോയിലൂടെയാണ് ഫുൾജാർ സോഡയെ പറ്റി അറിയുന്നത്, എന്നാൽപിന്നെ അത് എന്താണ് സംഭവം എന്നു അറിയാൻ വേണ്ടി വന്നതാണ് '' – കടയ്ക്ക് മുന്നിൽ ഏറെ നേരമായി ക്യൂ നിൽക്കുന്ന ആനന്ദിന്റെ വാക്കുകൾ...

സമൂഹമാധ്യമങ്ങളിലൂടെ ഇതിന് മുമ്പ് ഒരുപാട് പേർ വൈറൽ ആയിട്ടുണ്ടെങ്കിലും ഇതാദ്യമായാണ് ഒരു ശീതളപാനീയം വൈറൽ ആകുന്നത്. എന്തായാലും വ്യത്യസ്തത തേടി അലയുന്ന മലയാളികളുടെ ഇപ്പോഴെത്തെ പ്രധാന ചർച്ചാവിഷയം ഫുൾജാർ സോഡയാണ്...

# ആയുർവേദം മുതൽ കുളയട്ട വരെ...



ടെസ് ജെ എസ്

**കോട്ടൂർ:** പ്രകൃതിയോടിണങ്ങിയൊരിടം, അഗസ്ത്യമുനി തപസ്സനുഷ്ഠിച്ച, അഗസ്ത്യാർകൂടം പർവ്വതശിഖരം ഉൾപ്പെടുന്ന, അഗസ്ത്യാർമലയെ തൊട്ടുകിടക്കുന്ന കോട്ടൂർ ഗവൺമെന്റ് ആയുർവേദ ആശുപത്രിയെക്കുറിച്ച് അറിവുള്ളവർ അധികം ആരും ഉണ്ടാവാനിടയില്ല. അത്രവേഗം എത്തിപ്പെടാനാവാത്ത ഇവിടേക്ക് ആശുപത്രി സൗകര്യം കൂടുതലായി പ്രയോജനപ്പെടുത്തി എത്തുന്നത് പ്രദേശവാസികളാണ്. വളരെ വിരളമായി ദൂരെ നിന്നും ആളുകൾ കേട്ടറിഞ്ഞെത്തുന്നു. ആയുർവേദ വിധിപ്രകാരമുള്ള കിടത്തിചികിത്സ, പഞ്ചകർമ്മ ചികിത്സ, വിഷചികിത്സ എന്നിവയാണ് ഇവിടുത്തെ പ്രധാന ചികിത്സാരീതികൾ.

ഇന്ന് വളരെ അപൂർവ്വമായി കണ്ടുവരുന്ന കുളയട്ടയെ ഉപയോഗിച്ചുള്ള വിഷചികിത്സയ്ക്കാണ് ഇവിടെ ആവശ്യക്കാർ കൂടുതൽ. ശരീരത്തിലെ ദുഷിച്ച രക്തം നീക്കം ചെയ്യാൻ ഇവ സഹായിക്കുന്നു. ഓരോ രോഗിക്കും പ്രത്യേകം കുളയട്ടകളെ പേരെഴുതി നൽകിയിട്ടുണ്ട്. ചികിത്സയ്ക്ക് ശേഷം കുളയട്ടകളെ മഞ്ഞൾപ്പൊടിയിൽ ഇടുകയും, കുടിച്ച രക്തം ഇവയുടെ ശരീരത്തിൽ നിന്ന് പുറത്തേക്കൊഴുക്കുകയും ചെയ്യുന്നു. രക്തം ഛർദ്ദിക്കാത്ത കുളയട്ടകൾ ചത്തുപോകുകയാണുണ്ടാവുക.

ഇവയെ ഉപയോഗിച്ചുള്ള ചികിത്സാരീതിയെ 'ലീച്ചിങ് ' എന്നാണ് പറയുന്നത്. ഇന്ന് അത്ര പ്രശസ്തമല്ലെങ്കിലും പണ്ട് കാലത്ത് വൈദ്യശാസ്ത്ര രംഗത്ത് കുളയട്ടകൾക്ക് ഏറെ പ്രാധാന്യമുണ്ടായിരുന്നു. 'ഹിറുഡോ മെഡിസിനാലിസ് ' എന്ന വിഭാഗത്തിൽപ്പെടുന്ന ഔഷധ കുളയട്ടകളെയാണ് ഇതിനായി ഉപയോഗിക്കുന്നത്. കുളയട്ടപ്രയോഗം നാട്ടുചികിത്സയുടെ ഭാഗമായിട്ടായിരുന്നില്ല ഒരുകാലത്ത് നടത്തിയിരുന്നത്. വിദഗ്ഡരായ ഡോക്ടർമാർ തന്നെയായിരുന്നു ഇതിന്റെ ആദ്യകാല പ്രചാരകർ. ചർമ്മരോഗങ്ങൾ, തലവേദന, വയറുവേദന, തുടങ്ങി നിരവധി രോഗങ്ങൾക്കുള്ള ഔഷധമായി ഇവയെ ഉപയോഗിച്ചിരുന്നു. ബ്യൂട്ടിപാർലറുകളിലും ഇവയെ ഉപയോഗിച്ചിരുന്ന ഒരു സമയം ഉണ്ടായിരുന്നു.

ഒരുകാലത്ത് കുളയട്ടകളുടെ വില്പനയുടെ അവകാശം ഫ്രാൻസിന് അവകാശപ്പെട്ടിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ ഇത് പോർട്ടുഗൽ, ഇറ്റലി, സ്പെയിൻ, എന്നീ രാജ്യങ്ങൾക്കായി ലഭിച്ചു. ഡിമാന്റനുസരിച്ച് ഇവയുടെ വിലയും മാറി. പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ പോളണ്ട്, റഷ്യ, ടർക്കി, സിറിയ എന്നീ രാജ്യങ്ങൾ ഇവയുടെ കുത്തക ഏറ്റെടുത്തു. കണ്ണിലെ ചത്ത ചോരയെ പുറത്തേക്കെടുക്കാനും ഇവയെ ഉപയോഗിച്ചിരുന്നു. ഇന്ന് അത്രയേറെ പ്രാധാന്യം ഇവയ്ക്കില്ല.

ഒരുമാസത്തെ കിടത്തിചികിത്സയ്ക്കും കോട്ടൂർ ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ പ്രാധാന്യമുണ്ട്. മൂന്ന് നേരവും ഔഷധകഞ്ഞിയാണ് കിടത്തിചികിത്സയ്ക്കായി ഇവിടെ എത്തുന്നവർക്കുള്ള ആഹാരം. കൃത്യമായ പഥ്യത്തോട് കൂടി പഞ്ചകർമ്മചികിത്സയും (വമനം, വിരോചനം, വസ്തി, നസ്യം, രക്തമോക്ഷം) നടത്തുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പ്രത്യേക ചികിത്സയിളവുകളും നൽകി വരുന്നു.

ആയുർവേദത്തിൽ മരുന്നിനെന്ന പോലെ ആഹാരത്തിനും, താമസിക്കുന്ന അന്തരീക്ഷത്തിനും വളരെയധികം പ്രാധാന്യമുണ്ട്. അത്തരത്തിൽ ശാന്തമായ ഒരു അന്തരീക്ഷം നൽകുന്നതിന് ഈ ആശുപത്രിക്ക് കഴിയുന്നു. ഔഷധ സസ്യങ്ങളുടെ കലവറയായ അഗസ്ത്യാർമലയിൽ നിന്നു വരുന്ന കാറ്റിനു പോലും രോഗത്തെ ഭേദമാക്കാനുള്ള കഴിവുണ്ടെന്ന് പ്രദേശവാസികൾ വിശ്വസിക്കുന്നു. ഒരു മാസത്തെ സുഖചികിത്സ ആഗ്രഹിക്കുന്നവർക്ക് കോട്ടൂർ ഗവ. ആശുപത്രി വേറിട്ടൊരനുഭവമാകും എന്ന കാര്യത്തിൽ തർക്കമില്ല.







# സംസ്കാരത്തിന്റെ പുണ്യ ഭൂമി...



ആലപ്പുഴയിലെ ജൈന ക്ഷേത്രം

ശ്രീതു അജയ് ഘോഷ്

കിഴക്കിന്റെ വെനീസ് എന്ന് അറിയപ്പെടുന്ന ആലപ്പുഴ പ്രധാന തുറമുഖ നഗരവും തെന്നിന്ത്യയിലെ പ്രധാന വ്യാപാരകേന്ദ്രവും ആണ്. നാനാ ദേശങ്ങളിൽ നിന്നുള്ള കച്ചവടക്കാർ ഇവിടെ എത്തുന്നത് ഒരു കാലത്ത് പതിവായിരുന്നു. സ്വന്തം സംസ്കാരവും പാരമ്പര്യവും നെഞ്ചോട് ചേർത്ത് അവരിൽ ചിലർ ഇവിടെ സ്ഥിര താമസമാക്കുന്നു. ഗുജറാത്തിലെ കച്ച് സ്വദേശികളുടെ പിന്മുറക്കാരായ നാൽപ്പതോളം കുടുംബങ്ങളാണ് ഇവിടെ അധിവസിക്കുന്നത്. കൊപ്ര, കയർ, സുഗന്ധവ്യജ്ഞനങ്ങൾ എന്നിവയ്ക്കൊപ്പം സംസ്കാരവും ഇവിടെ കൈമാറ്റം ചെയ്യപ്പെട്ടു. ഇങ്ങനെയുണ്ടായ സാംസ്കാരിക വൈജാത്യത്തിന്റെ തെളിവാണ് ഗുജറാത്തി തെരുവിൽ സ്ഥിതിചെയ്യുന്ന ജൈനക്ഷേത്രം.

ആലപ്പുഴ മുപ്പാലത്തിന് വടക്കുകിഴക്കായി സ്ഥിതി ചെയ്യുന്ന ഗുജറാത്തി തെരുവ് പൈതൃകത്തിന്റെ പഴമയുടെ ഉദാഹരണമായി അവശേഷിക്കുകയാണ്. ഇവിടുത്തെ ജൈന ക്ഷേത്രത്തിൽ മൂന്ന് വിഗ്രഹങ്ങളാണുള്ളത്. മുഖ്യപ്രതിഷ്ഠ ജൈനമതത്തിലെ പന്ത്രണ്ടാമത്തെ തീർത്ഥങ്കരനായ വാസുപൂജ്യ സ്വാമി ആണ്. ഈ വിഗ്രഹം മാർബിളിൽ തീർത്തതാണ്. ഇതിന് വലതുഭാഗത്തായി പതിനഞ്ചാം തീർത്ഥങ്കരനായ ധർമ്മനാഥനെയാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. ഇടതുഭാഗത്ത് പതിനൊന്നാം തീർത്ഥങ്കരനായ ശ്രേയാംസനാഥ വിഗ്രഹവുമാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. ഗോപുരമില്ലാത്ത വീട്ട് അമ്പലത്തിലാണ് പൂജാകർമ്മങ്ങൾ നടന്നിരുന്നത്. 1994 ജനുവരി 21നാണ് മനോഹരമായ ഗോപുരത്തോടു കൂടിയ ക്ഷേത്രം പണികഴിപ്പിച്ച ഇവിടേക്ക് ഈ വിഗ്രഹങ്ങൾ പുനപ്രതിഷ്ഠ നടത്തിയത്. പുതിയ ക്ഷേത്രത്തിന്റെ നിർമ്മാണത്തിന് ഇരുമ്പ് ഉപയോഗിച്ചിട്ടില്ല എന്നതാണ് പ്രധാന സവിശേഷത. മൺകല്ലും ഇന്റർലോക്ക് ഫിക്സിങ്ങും ഉപയോഗിച്ചാണ് ക്ഷേത്രം നിർമ്മിച്ചിരിക്കുന്നത്. ഇതിനാൽ തന്നെ



*തീർത്ഥങ്കര വിഗ്രഹം*

കൊത്തുപണികൾ വളരെ ലളിതമായാണ് ക്ഷേത്രത്തിൽ കാണപ്പെടുന്നത്.

ദൈനംദിന പൂജാദികർമ്മങ്ങളിൽ മുടക്കം വരാത്ത അപൂർവ്വം ജൈനക്ഷേത്രങ്ങളെ കേരളത്തിൽ ഉള്ളൂ. അക്കൂട്ടത്തിൽ ഒന്നാണ് ആലപ്പുഴയിലേത്. ജലാഭിഷേകം, പാലഭിഷേകം, പുഷ്പപൂജ ചന്ദനപൂജ തുടങ്ങിയ പൂജ കർമ്മങ്ങളും വഴിപാടുകളും ഇവിടെ നിത്യവും നടക്കുന്നു. പരിമിതിക്കുള്ളിൽ നിന്ന് കൊണ്ടാണെങ്കിലും ഉത്തരേന്ത്യയിലും മറ്റുള്ള ജൈന ക്ഷേത്രങ്ങളിലെ ആചാരങ്ങൾ ഇവിടെയും കൃത്യമായി നടപ്പാക്കുന്നുണ്ട് – ക്ഷേത്ര കമ്മിറ്റിയുടെ സെക്രട്ടറിയായ ചന്ദ്രേഷ് ഭായ് പറയുന്നു.

ജൈനമതത്തിൽ ശ്വേതാംബരൻ, ദിഗംബരൻ, സ്ഥാനക് വാസികൾ എന്നീ മൂന്ന് വിഭാഗങ്ങളാണുള്ളത്. പേര് സൂചിപ്പിക്കും പോലെ തന്നെ ശ്വേതാംബര സന്യാസികൾ വെള്ള വസ്ത്രം മാത്രം ധരിക്കുന്നവരാണ്. ദിഗംബര സന്യാസികൾ വസ്ത്രത്തെ അശുദ്ധിയായി കണ്ടുകൊണ്ട് അവ ഉപേക്ഷിക്കുന്നു. വിഗ്രഹങ്ങളോ വിളക്കുകളോ പൂജകളോ ഒന്നുമില്ലാത്ത ജൈനമതവിശ്വാസികളാണ് സ്ഥാനക് വാസികൾ. ആലപ്പുഴയിലെ ഗുജറാത്തി തെരുവിലുള്ള 11 ജൈന കുടുംബങ്ങളും ശ്വേതാംബര വിഭാഗത്തിൽപ്പെട്ടവരാണ്. ഇവരുടെ ആരാധനാലയമാണ് ഈ ജൈനക്ഷേത്രം. ക്ഷേത്രത്തിലെ പ്രതിഷ്ഠ ഏതെന്നു നിശ്ചയിക്കുന്നതിലും ജൈനമതത്തിന് അവരുടേതായ വിശ്വാസമുണ്ട്. ക്ഷേത്രം നിർമിക്കാനുദ്ദേശിക്കുന്ന നഗരത്തിന്റെ ജ്യോതിഷത്തോട് യോജിക്കുന്ന തീർത്ഥങ്കരന്റെ വിഗ്രഹമാണ് പ്രതിഷ്ഠിക്കുന്നത്. ഇതനുസരിച്ചാണ് ആലപ്പുഴയ്ക്ക് യോജിക്കുന്ന വാസുപൂജ്യ സ്വാമിയുടെ ക്ഷേത്രം ഇവിടെ സ്ഥാപിക്കപ്പെട്ടത് എന്നാണ് വിശ്വാസം. ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലാണ് സാധാരണ ഇവിടുത്തെ ഉത്സവം നടക്കാറ്. ഉത്സവസമയത്ത് ഉത്തരേന്ത്യയിൽ നിന്നുള്ള വിശ്വാസികൾ ഇവിടെ എത്താറുണ്ട്. ശബ്ദകോലാഹലങ്ങളും കലാപരിപാടികളും ഒന്നുമില്ലാത്ത ഉത്സവം. നിശബ്ദതയുടെ പ്രാർത്ഥനകളുടെ സംഗമസ്ഥാനം. നിശബ്ദമായ് തങ്ങളുടെ സാന്നിധ്യം അറിയിച്ചുകൊണ്ട് അവരും കിഴക്കിനെ വെനീസിന്റെ ഭാഗമായി ചേർന്നൊഴുകുന്നു. മായാ... നദി...




കളരി
ഇ– പേപ്പർ

# ആവേശത്തിരയിൽ ലോകകപ്പ് ആഹ്ലാദത്തിമിർപ്പിൽ മലയാള മണ്ണ്

ICC CRICKET WORLD CUP
ENGLAND & WALES
2019

വിനായക് എസ്

ഇന്ത്യൻ മണ്ണിലെ ഇംഗ്ലീഷ് അധിനിവേശം ഒട്ടേറെ യാതനകൾക്ക് സാക്ഷിയായി എന്നാൽ ക്രിക്കറ്റ്എന്ന കായിക വിനോദത്തെ നമുക്ക് സ്വായത്തമാക്കാൻ സാധിച്ചത് ബ്രിട്ടീഷുകാരുടെ വരവോടു കൂടിയാണ്. 1975ൽ ഇംഗ്ലണ്ടിൽ ആരംഭിച്ച ക്രിക്കറ്റ് ലോകകപ്പ് എന്ന വിശ്വ കായിക മത്സരം ഇന്ന് 2019ൽ അതേ ഇംഗ്ലണ്ടിലേക്ക് തന്നെ എത്തി നിൽക്കുമ്പോൾ ഒറ്റ ലോകകപ്പും കൈപ്പിടിയിലാക്കാൻ ഇംഗ്ലീഷുകാർക്ക് ആയില്ല എന്നതും നൂറ്റാണ്ടുകളോളം അവരുടെ ചൂഷണങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന ഇന്ത്യ രണ്ടുതവണ ആ കപ്പിൽ മുത്തമിട്ടു എന്നതും ഒരുപക്ഷേ കാലത്തിന്റെ കാവ്യനീതി ആയിരിക്കാം.

ഇന്ത്യൻ ക്രിക്കറ്റ് ആരാധകർക്ക് 2019 ലോകകപ്പ് പ്രതീക്ഷയുടെ നാളുകളാണ് സമ്മാനിക്കുന്നത്. ഇന്ത്യയുടെ മികച്ച പ്രകടനം ആഗ്രഹിക്കുന്നതിനോടൊപ്പം 2011 ഒരിക്കൽക്കൂടി ആവർത്തിക്കുവാൻ കാത്തിരിക്കുകയാണ് ആരാധകർ. കപിലിന്റെ ചെകുത്താൻമാർക്കും ധോണിയുടെ പടയാളികൾക്കും ശേഷം വിരാട് കോഹ്ലിയുടെ സംഘത്തിലേക്ക് പ്രതീക്ഷകൾ എത്തിനിൽക്കുമ്പോൾ നാടും നഗരവും എല്ലാം ക്രിക്കറ്റ് ആവേശത്തിന്റെ കൊടുമുടിയിൽ എത്തി നില്കുന്നു. ഏപ്രിൽ–മെയ് മാസങ്ങളിലായി കേരളത്തിൽ അങ്ങോളം ഇങ്ങോളം ഒട്ടനവധി മത്സരങ്ങളാണ് ക്രിക്കറ്റ് ഭ്രാന്തന്മാർ സംഘടിപ്പിച്ചത്. നാട്ടിൻപുറങ്ങളിലെ സോഫ്റ്റ് ബോൾ, കൗണ്ടി ടൂർണമെന്റുകൾ മുതൽ ഫ്ലഡ് ലൈറ്റ് മത്സരങ്ങൾ വരെ കേരളത്തിൽ വിവിധയിടങ്ങളിലായി അരങ്ങേറുകയുണ്ടായി. ക്രിക്കറ്റ്താരങ്ങളെയും മത്സരങ്ങളെയും അത്രയേറെ സ്നേഹിക്കുന്ന യുവത ഈ നാട്ടിൽ ഇന്നുണ്ട്. സച്ചിന്റെ വിരമിക്കലിനു ശേഷം ക്രിക്കറ്റ്കാണാതായ പലരും ജീവിക്കുന്ന നാടാണിത്. പക്ഷേ ലോകകപ്പ് മത്സരങ്ങൾ കാണാതിരിക്കാൻ യഥാർത്ഥ ക്രിക്കറ്റ്സ്നേഹിക്ക് എങ്ങനെ സാധിക്കും എന്ന് ചോദിക്കുന്നുണ്ട് ഇവർ.

സോഫ്റ്റ്ബോൾ ടൂർണമെന്റുകൾ സംഘടിപ്പിച്ചു ലോകകപ്പിനെ വരവേൽക്കുന്നവർ എല്ലാ നാട്ടിൻപുറങ്ങളിലും ഉണ്ടാവും. കൊല്ലത്തെ ശാസ്താംകോട്ടയിൽ കോവൂർ എന്ന ഗ്രാമത്തിലെ കുറച്ചു യുവാക്കൾ ക്രിക്കറ്റിനെ ജീവനും ശ്വാസവും ആക്കിയവരാണ്. അവർ ഈ പ്രാവശ്യവും ലോകകപ്പിന് മുന്നോടിയായി മെയ് മാസം അവസാന വാരം ഒരു ടൂർണമെന്റ് സംഘടിപ്പിച്ചു. പ്രാദേശികമായി ഉള്ള നാല് ക്ലബ്ബുകളും പുറമേ നിന്നുള്ള ടീമുകളും പങ്കെടുത്ത ഒരാഴ്ച നീണ്ടുനിന്ന ക്രിക്കറ്റ് ലഹരിയ്ക്ക് ലോകകപ്പ് ഉത്ഘാടനത്തോടെ പരിസമാപ്തിയായി. പ്രാദേശിക ടീമായ യുവധാര ചാമ്പ്യൻസ് ആയപ്പോൾ, നവകേരള ടീം റണ്ണറപ്പായി.

കപ്പ് നേടിയ ടീമിന്റെ ക്യാപ്റ്റനും വെടിക്കെട്ട് ബാറ്റ്സ്മാനുമായ രതീഷിന് ലോകകപ്പിനെ കുറിച്ച് നൂറു നാവാണ്. ഇന്ത്യൻ ടീം ഉറപ്പായും കപ്പ് നേടും എന്ന ആത്മവിശ്വാസം അയാളുടെ കണ്ണുകളിൽ പ്രതീക്ഷയായി തിളങ്ങുന്നുണ്ടായിരുന്നു. തങ്ങൾ കളിക്കുന്നത് യഥാർഥ ക്രിക്കറ്റ് ആണോ എന്നൊന്നും അവർക്ക് ഉറപ്പില്ല, നാട്ടിൻപുറമാണ്, ഐസിസി നിഷ്കർഷിക്കുന്ന നിയമങ്ങൾ ഒന്നും അവിടെ ഉണ്ടാവണം എന്നില്ല. പക്ഷേ അവർക്ക് ഈ വിനോദം വെറും നേരംപോക്ക് മാത്രം അല്ല. ജീവിതത്തിന്റെ ഒപ്പം ഇഴ ചേർന്ന് പോയ എന്തോ ഒരു വികാരം കൂടിയാണ്.

ഇവരിൽ പലരും സാധാരണക്കാരും വിദ്യാർത്ഥികളും ഒക്കെയാണ്. സ്ഥിരവരുമാനക്കാർ വളരെ ചുരുക്കമാണ് എന്ന് പറയാം. എന്നിരുന്നാലും ഒഴിവുസമയങ്ങളിൽ ഒക്കെ ബാറ്റും പന്തുമായി മൈതാനങ്ങളിലേക്ക് ഇറങ്ങുമ്പോൾ മറ്റെല്ലാ പ്രശ്നങ്ങളും മറക്കുന്നവരാണ് ഈ കൂട്ടർ. രാജ്യത്തിനു വേണ്ടി കളിക്കാനോ, പ്രശസ്തി നേടാനോ ഒന്നും ഈ കളി അവർക്ക് ഉപകരിക്കാൻ പോകുന്നില്ല എന്നത് നല്ലവണ്ണം അവർക്ക് ബോധ്യമുള്ള വസ്തുതയാണ്. പക്ഷേ തങ്ങളുടെ മൈതാനത്തും ഒരു 'ക്രിസ്സ് ഗെയിലും' 'മഗ്രാത്തും' ഒക്കെ ഉണ്ടെന്നും അവർ മറക്കുന്നില്ല.

പക്ഷേ ജീവിത പ്രതിസന്ധികൾക്കിടയിൽ കളിയെ കാര്യമായി കാണാൻ അവർക്കായില്ല, അതിലവർക്ക് പരിഭവവുമില്ല. നാട്ടിലെ പുതിയ തലമുറയിലെ കുട്ടികൾക്കിടയിൽ ക്രിക്കറ്റിന്റെ അനന്ത സാധ്യതകൾ അവർ പരിചയപ്പെടുത്തി കൊടുക്കുന്നുണ്ട്. ഞങ്ങൾ സ്വപ്നം കണ്ടത് ഞങ്ങളുടെ അനിയന്മാർ ഒരിക്കൽ നേടും എന്ന ഉറച്ച വിശ്വാസം അവരുടെ വാക്കുകളിലൂടെ പുറത്ത് വരുന്നുണ്ട്.

2011 ലോകകപ്പിൽ ഇന്ത്യൻ ഇന്നിങ്സിലെ അവസാന പന്ത് ബൗണ്ടറിക്ക് മുകളിലേക്ക് അടിച്ചുപറത്തി ധോണി നേടിയ ആ സിക്സർ, അതാണ്തങ്ങളുടെ ജീവിതത്തിലെ ഏറ്റവും മനോഹരമായ അനുഭവം എന്ന് സാക്ഷ്യപ്പെടുത്തുന്നുണ്ട് ഇവർ. ആ ലോകകപ്പ് വിജയം സച്ചിന് വേണ്ടിയാണെന്നതും ഇന്ത്യൻ മണ്ണിൽ അത് നമ്മൾ നേടിയപ്പോൾ 28 വർഷങ്ങളുടെ കാത്തിരിപ്പ് കൂടിയാണ് പൂവണിഞ്ഞത് എന്നും പറഞ്ഞു നിർത്തുമ്പോൾ 1983ൽ ഇന്ത്യൻ ടീം കപ്പിൽ മുത്തമിട്ട അതേ ഇംഗ്ലണ്ടിൽ തന്നെയാണ് 2019 ലോകകപ്പ് നടക്കുന്നത്. ഇതും നമ്മൾ തന്നെയാണ് നേടാൻ പോകുന്നതെന്നും ഒരേ സ്വരത്തിൽ പറയുന്നുണ്ട് ഇവർ. പ്രതീക്ഷകൾ നക്ഷത്രങ്ങളോളമാണ്. ഈ കായിക വിനോദത്തെ ഇടനെഞ്ചോട് ചേർത്ത് പിടിക്കുന്ന സമൂഹത്തിന്റെ ഉത്സവങ്ങളാണ് ഓരോ ലോകകപ്പ് മത്സരങ്ങളും..

# സ്മാർട്ട് പോലീസ് സ്റ്റേഷനുമായി ടെക്നോപാർക്ക്

ഹെന്ന മൻസൂർ

**കഴക്കൂട്ടം** : ലോകത്തെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സ്മാർട്ട് പോലീസ് സ്റ്റേഷൻ ആയ ദുബായ് ജുമൈറയെ കുറിച്ച് നമ്മൾ കേട്ടിട്ട് ഒരു വർഷം പിന്നിടാറായിരിക്കുന്നു. ഇതിനു സമാനമായി അത്തരമൊന്ന് നമ്മുടെ കൊച്ചു കേരളത്തിലേക്കും കടന്നുവരുകയാണ്. ഇന്ത്യയിലെ ആദ്യത്തെ 'ഡിജിറ്റൽ സ്റ്റേറ്റ് ' എന്നറിയപ്പെടുന്ന കേരളത്തിന്റെ കിരീടത്തിലേക്ക് ഇതൊരു പൊൻതൂവൽ കൂടിയാണ്.



ജീവനക്കാരില്ലാത്തതും കടലാസ് രഹിതവുമായ സ്മാർട്ട് സ്റ്റേഷനുകൾ കേരളത്തിന് സമ്മാനിക്കുമെന്ന് കേരളസഭ പ്രഥമ പശ്ചിമേഷ്യൻ സമ്മേളനത്തിന്റെ സമാപന സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞിരുന്നു.

കേരളത്തിന്റെ തലസ്ഥാനനഗരമായ തിരുവനന്തപുരത്തെ ടെക്നോപാർക്കിൽ ആരംഭിക്കുവാനുള്ള തയ്യാറെടുപ്പുകളിലാണ് ഈ സ്മാർട്ട് സ്റ്റേഷൻ. വിരൽതുമ്പിൽ അതിവേഗ സേവനം ലഭിക്കുന്ന സ്മാർട്ട് സ്റ്റേഷനിൽ ഏതുതരം പരാതികളും നേരിട്ട് നൽകാം. ഗതാഗത നിയമത്തിലെ ലംഘനങ്ങൾ അടക്കം പിഴ അടയ്ക്കാനുള്ള സൗകര്യവുമുണ്ടാകും. എ ടി എം കൗണ്ടർ പോലുള്ള ചെറിയ മുറിക്കുള്ളിൽ കയറിയാൽ വാതിൽ താനെ അടയുകയും എ ടി എം ൽ ഉള്ള പോലുള്ള കിയോസ്കിലെ സ്ക്രീനിൽ വിവരങ്ങൾ രേഖപ്പെടുത്തുകയും, സംസാരിക്കുകയും ചെയ്യാം.

24 മണിക്കൂർ പ്രവർത്തിക്കുന്ന ഇത്തരം പോലീസ് സ്റ്റേഷനുകൾക്ക് കൺട്രോൾ റൂമുമായി നേരിട്ട് ബന്ധം ഉണ്ടായിരിക്കും. മലയാളത്തിന് പുറമേ ഹിന്ദി ഇംഗ്ലീഷ് ഭാഷകളിലും പരാതികൾ അറിയിക്കാൻ സംവിധാനമുണ്ടാവും. ടെക്നോപാർക്കിൽ സ്മാർട്ട് പോലീസ് സ്റ്റേഷൻ വരുന്നതോടുകൂടി ടെക്കികൾക്ക് കൂടുതൽ സുരക്ഷിതത്വം ഉറപ്പ് നൽകാനാകുമെന്നാണ് പോലീസിന്റെ വിലയിരുത്തൽ. തൊഴിൽ സ്ഥലത്തെ പീഡനങ്ങളെക്കുറിച്ചടക്കം പോലീസ് സ്റ്റേഷനിൽ കയറിയിറങ്ങാതെയും ഇടനിലക്കാരുടെ സഹായമില്ലാതെയും പരാതിപ്പെടാൻ ഇതിലൂടെ സാധ്യമാകും.

തൊഴിൽപ്രശ്നങ്ങൾ, മനുഷ്യക്കടത്ത് ഭീഷണി തുടങ്ങി സാധാരണ പോലീസ് സ്റ്റേഷനുകൾ കൈകാര്യം ചെയ്യുന്ന എല്ലാ കേസുകളും ഇവിടെയും പരിഗണിക്കും. രാത്രി ഡ്യൂട്ടി കഴിഞ്ഞ് മടങ്ങുന്ന വർക്കും വീടുകളിൽ തനിച്ചുള്ളവർക്കും രക്ഷ വേണമെന്ന അപേക്ഷയും സ്മാർട്ട് സ്റ്റേഷനിലെ കിയോസ്കിൽ നൽകാനാകും. അടുത്തഘട്ടത്തിൽ പോലീസിനെ ക്ലിയറൻസ് സർട്ടിഫിക്കറ്റുകൾ അടക്കം മാർച്ച് സ്റ്റേഷനിൽ ലഭ്യമാക്കും.

''ടെക്നോപാർക്കിലെ സ്മാർട്ട് പോലീസ് സ്റ്റേഷൻ ദുബായിലെ മാതൃകയിലായിരിക്കും. സാങ്കേതികവിദ്യ മനസ്സിലാക്കാൻ തിരഞ്ഞെടുപ്പ് കഴിഞ്ഞാലുടൻ ദുബായിൽ പോകും. കത്തിൽ പ്രവർത്തനം തുടങ്ങുകയാണ് ലക്ഷ്യം. പോലീസിന്റെ പുതിയ മുഖമാണ് സ്മാർട്ട് സ്റ്റേഷൻ'' – പോലീസ് മേധാവി ലോക്നാഥ് ബെഹ്റ പറയുന്നു. മനുഷ്യ സാന്നിധ്യമില്ലാത്ത പൂർണ്ണമായും ഓട്ടോമേഷനിൽ പ്രവർത്തനമാരംഭിക്കുന്ന സ്മാർട്ട്സ്റ്റേഷനുകൾ പോലീസുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും സൗജന്യമായി ലഭിക്കും എന്നത് ഉറപ്പുവരുത്തും.

# സർഗാത്മകതയെ 'കുപ്പി'യിലാക്കിയവൾ









അഖില ജി മോഹൻ

ഉപയോഗം കഴിഞ്ഞ് നാം വലിച്ചെറിയുന്ന കുപ്പികൾ... പാഴവസ്തുവെന്ന് കരുതി പൊതു ഇടങ്ങളിൽ കൂട്ടിയിടുന്ന കുപ്പികൾ... ഇവയൊക്കെ നമ്മുടെ പ്രകൃതിയ്ക്കും ജലസ്രോതസ്സുകൾക്കും ഉണ്ടാക്കുന്ന മലിനീകരണത്തിന്റെ ഞെട്ടിപ്പിക്കുന്ന തോതിനെ കുറിച്ച് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?

കൊല്ലം അഷ്ടമുടിക്കായലിന് ദാരുണമായി സംഭവിച്ചുകൊണ്ടിരിക്കുന്ന മലിനീകരണത്തിന് പ്രധാന പങ്ക് വഹിക്കുന്ന ഒന്നാണ് നാം വലിച്ചെറിയുന്ന പാഴ്കുപ്പികൾ. ഇത്തരത്തിലുള്ള കുപ്പികൾ അഷ്ടമുടിക്കായലിന്റെ പരിസരങ്ങളിലുൾപ്പെടെ പലയിടങ്ങളിൽ നിന്നും ശേഖരിച്ച് ക്രിയാത്മകമായ മാറ്റങ്ങൾ വരുത്തി,തന്റെ സർഗാത്മകതയിലൂടെ പുതിയ വർണ്ണങ്ങൾ തീർത്ത്, മറ്റുള്ളവർക്ക് പ്രചോദനമാകും വിധം മാതൃകയാവുകയാണ് കൊല്ലം മൺറോതുരുത്ത് സ്വദേശിനി എസ്. അപർണ. 'Quppi' എന്ന ഒഫീഷ്യൽ ഫേസ്ബുക്ക് പേജിലൂടെ സോഷ്യൽ മീഡിയയിലും താരമാവുകയാണ് ഈ ബി.എഡ് വിദ്യാർത്ഥിനി. ഇൻസ്റ്റഗ്രാമിലും നിരവധി ആരാധകരാണ് ഈ കലാകാരിക്കുള്ളത്.

ചെറുപ്പം മുതൽ തന്നെ കരകൗശല നിർമ്മാണത്തോട് ഏറെ താത്പര്യമുണ്ടായിരുന്ന അപർണയ്ക്ക് അമ്മയായിരുന്നു പ്രചോദനം. ആദ്യ കാലങ്ങളിൽ ഫാബ്രിക് പെയിന്റിങ്, ടെറാക്കോട്ട ഉപയോഗിച്ചുള്ള നിർമ്മാണങ്ങൾ തുടങ്ങിയവയൊക്കെ ചെയ്ത് ചെറിയ രീതിയിൽ വരുമാനം കണ്ടെത്തിയിരുന്നു. ഡിഗ്രി കഴിഞ്ഞ ശേഷമാണ് കുപ്പികളിൽ നിന്ന് ഇങ്ങനെ നവീനവും ആകർഷണീയവുമായ കാര്യങ്ങൾ ചെയ്ത് തുടങ്ങാമെന്ന ആശയം തോന്നിതുടങ്ങിയത്. അങ്ങനെ പരീക്ഷണങ്ങൾ പാഴ്കുപ്പികളിലായി. ആദ്യം ഭംഗിയുള്ള കുപ്പികൾ മാത്രമാണ് റോഡരുകുകളിൽ നിന്നും മറ്റും ശേഖരിച്ചിരുന്നതെങ്കിൽ പിന്നീട് സീരിയസ് ആയി. അങ്ങനെ കുപ്പികളുടെ എണ്ണം കൂടി വന്നു.

ഫാബ്രിക് പെയിന്റിങ്ങും, ഫോട്ടോ ട്രാൻസ്ഫറിങ്ങുമൊക്കെ വൈവിധ്യമാർന്ന കുപ്പികളിൽ പരീക്ഷിച്ചു.നന്നായി വരയ്ക്കാനും അറിയാവുന്നതിനാൽ സംഗതി ഉഷാറായി...! മമ്മൂട്ടിയുടെ അടുത്തിടെ ഇറങ്ങിയ ചിത്രമായ

'പേരൻപ് ', '2019ലെ കലണ്ടർ', 'പലവിധത്തിലുള്ള ആശംസകൾ' തുടങ്ങിയവയൊക്കെ അപർണയുടെ കുപ്പികളിൽ നിറഞ്ഞു.. ഏറെ സ്വീകാര്യതയാണ് ഇവയ്ക്കൊക്കെ ലഭിച്ചത്.

വഴിയരികിൽ നിന്നും മറ്റും പാഴ്വസ്തുവായ കുപ്പികൾ പെറുക്കിയെടുക്കുന്നതിനെ ആദ്യമൊക്കെ കുറച്ചുപേരെങ്കിലും പരിഹാസത്തോടെ നോക്കി. ഇതൊന്നും അത്ര നല്ല ശീലമല്ല, തുടങ്ങിയ തരത്തിലുള്ള ഉപദേശങ്ങളും പലരിൽ നിന്നും കേൾക്കേണ്ടിവന്നു. 'കുപ്പി', 'ആക്രി'... തുടങ്ങിയ പേരൊക്കെ ആരിൽ നിന്നൊക്കെയോ ബാക്ക്ഗ്രൗണ്ടിൽ മുഴങ്ങി... എന്നാൽ ഇതിനൊന്നും അപർണ ചെവിക്കൊടുത്തില്ല.

പരിഹാസത്തിന്റെ മുനയുള്ള വാക്കുകളിൽ നിന്ന് പ്രശംസ നേടിയെടുക്കുന്ന വാക്കുകളിലേയ്ക്കുള്ള ദൂരം അപർണയ്ക്ക് ചെറുതായിരുന്നു. സുഹൃത്തുക്കൾ, പരിചിതർ, അപരിചിതർ, ബന്ധുക്കൾ തുടങ്ങി അപർണയുടെ കുപ്പികൾ വാങ്ങുന്നവരുടെ എണ്ണം ക്രമേണ കൂടി. വീട്ടുകാരുടെ കൂടി പിന്തുണ ലഭിച്ചപ്പോൾ ഇത്തരത്തിൽ കൂടുതൽ കാര്യങ്ങൾ ചെയ്യാൻ പ്രചോദനമായി.

കഴിഞ്ഞ ലോക ജല ദിനത്തോടനുബന്ധിച്ച് 'അഷ്ടമുടിയെ ഇഷ്ടമുടിയാക്കാം' എന്ന പരിപാടി സംഘടിപ്പിക്കുന്നതിന് വേണ്ടി സോഷ്യൽ മീഡിയയിൽ അപർണ ഒരു കുറിപ്പ് ഇട്ടിരുന്നു. പ്രതീക്ഷിച്ചതിലും വലിയ ജനപങ്കാളിത്തവും, പ്രതികരണങ്ങളുമാണ് ഈ പരിപാടിക്ക് ലഭിച്ചത്.അദ്ധ്യാപകർ, വിദ്യാർത്ഥികൾ,കലാകാരൻമാർ, സാമൂഹിക പ്രവർത്തകർ തുടങ്ങി അനവധി ആളുകൾ ഈ പരിപാടിയിൽ പങ്കാളികളായി. ഇതിന്റെ ഭാഗമായി അഷ്ടമുടിയുടെ തീരത്തുനിന്നും പലവിധമായ മാലിന്യങ്ങൾ ശേഖരിക്കുകയും അവയിൽ നിന്ന് കരകൗശല വസ്തുക്കൾ നിർമിക്കുകയും അവിടെ വെച്ച് തന്നെ ഇവ വിറ്റഴിക്കുകയും ചെയ്തു. ഈ പരിപാടിയിലൂടെയാണ് കൂടുതൽ പേർ അപർണയെ അറിയാനും ശ്രദ്ധിക്കാനും തുടങ്ങിയത്.

തന്റെ കഴിവും പ്രയത്നവും ഉപയോഗിച്ച് ഇങ്ങനെയുള്ള വേറിട്ട നിർമ്മാണത്തിലൂടെ സ്വന്തമായി വരുമാനം കണ്ടെത്തുകയാണ് അപർണ. ഭാവിയിൽ അധ്യാപികയാവുകയാണ് ലക്ഷ്യം, അതുവഴി നല്ല തലമുറകളെ വാർത്തെടുക്കുക. അപർണയുടെ വിജയമന്ത്രം ഇതാണ്– ''നമുക്ക് വേണ്ടുന്ന റിസോഴ്സസ് നമ്മുടെ കയ്യിൽ തന്നെയുണ്ട്. ഏത് മേഖലയിലാണെങ്കിലും ചെയ്യുന്ന കാര്യങ്ങളോട് നൂറുശതമാനം നീതി പുലർത്തിയാൽ നമ്മൾ പ്രതീക്ഷിക്കുന്നിടത്ത് എത്താം.എല്ലാത്തിനുമുപരി നമ്മൾ നമ്മളെ സ്നേഹിക്കുക, മറ്റുള്ളവരുടെ പരിഹാസങ്ങൾക്ക് ചെവി കൊടുക്കാതിരിക്കുക. വിജയം നമ്മെ തേടി എത്തും.''



എസ്. അപർണ

